മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

MY LORD AND MY GOD

Vol. 07 No. 23 THE ONLINE OFFICIAL NEWS BULLETIN 2024 May 16

SEASON OF PENTECOST പെന്തിക്കോസ്തികാലം ܥܕܢܐ ܕܦܢܛܝܩܘܣܛܝ

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
♪7 Pentiqosti (Feast of the Pentecost. 50th Day after Easter) 199th Mem. of Punnathra Mar Dionysius III (Kottayam Cheriya Palli) 19	♪3 Comme. of the 4 Evangelist, All fathers of the 3 Ecumeniacal Synods Comme. of St. Aaron the Monk. 20	♪7 21	♪3 22	♪7 23	♪3 Rubto Ddahbo Golden Friday (Friday afger Pentecost) 24	♪7 25



‘സഹോദരൻ’ ഓൺലൈൻ പത്രം

പ. കാതോലിക്കാബാവ പ്രകാശനം ചെയ്തു

പരുമല: മലങ്കര ഓർത്തഡോക്സ് സഭയുടെ സഹോദരൻ ജീവകാരുണ്യ പദ്ധതിയുടെ പുതിയ കാൽവയ്പ്പാണ് ‘സഹോദരൻ’ ഓൺലൈൻ പത്രം. പരുമലയിൽ കൂടിയ സംയുക്ത വൈദിക സെൻട്രൽ സോൺ – അഖില മലങ്കര ബസ്കയോമോ വാർഷിക സമ്മേളനത്തിൽ പ. ബസേലിയോസ് മാർത്തോമ്മ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ പ്രകാശനകർമ്മം നിർവഹിച്ചു. പ്രിന്റ് കോപ്പി സീനിയർ മെത്രാപ്പോലിത്താ മാർ ക്ലീമിസിനും നൽകി.

സഹോദരൻ പദ്ധതി ഓരോ മാസവും നടപ്പാക്കുന്ന പദ്ധതികൾ വിശദമായി ലോകത്തെ അറിയിക്കുക, സംഭാവനകളും ചിലവുകളും സുതാര്യമായി പൊതു സമൂഹത്തെ അറിയിക്കുക, സഹോദരൻ പദ്ധതിയുടെ പിൻപിലുള്ള ദർശനം വ്യക്തമാക്കുക തുടങ്ങിയ ലക്ഷ്യമാണ് എല്ലാ മാസവും പ്രസിദ്ധീകരിക്കുന്ന ഓൺലൈൻ പത്രത്തിനുള്ളത്. ഫാദർ ബിജു പി. തോമസ് ആണ് ചീഫ് എഡിറ്റർ.



സഭാകവി സി. പി. ചാണ്ടി അനുസ്മരണവും ആചാര്യ അവാർഡ് ദാനവും. സമ്മേളനം കുറിയാക്കോസ് മാർ ക്ലീമീസ് ഉദ്ഘാടനം ചെയ്തു.



പരുമല സെമിനാരിയിൽ നടന്ന അഖില മലങ്കര മധ്യ മേഖലാ വൈദിക കുടുംബ സംഗമവും അഖില മലങ്കര ബസ്കിയമ്മ അസോസിയേഷൻ പ്രതിനിധി സമ്മേളനവും പ. കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്തു.



നർക്കിലക്കാട് സെന്റ് മേരീസ് ഓർത്തഡോക്സ് ദേവാലയം പ. കാതോലിക്കാ ബാവാ കൂദാശ ചെയ്തു. യാക്കോബ് മാർ ഏലിയാസ്, സഖറിയാ മാർ സേവേറിയോസ് എന്നിവർ സഹകാർമ്മികരായിരുന്നു.



ചെങ്ങന്നൂർ ഭദ്രാസന യുവജനപ്രസ്ഥാനം വാർഷിക സമ്മേളനം ചെങ്ങന്നൂർ ബഥേൽ മാർ ഗ്രിഗോറിയോസ് അരമന പള്ളിയിൽ നടന്നു. ഡോ. മാത്യൂസ് മാർ തീമോത്തിയോസ് ഉദ്ഘാടനം ചെയ്തു.

ചരിത്രരേഖ

എഴുത്തുകളുടെ നമ്പർ ബുക്ക്

പ. ഗീവർഗീസ് മാർ ദീവന്നാസ്യോസ് വട്ടശ്ശേരിൽ

പ. വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ 1925-ലെ കല്പനകളുടെ നമ്പർ ബുക്ക്.

374. കല്ലറയ്ക്കൽ കുഞ്ചപ്പനു. വർത്തമാനങ്ങൾക്കു. 1100 മിഥുനം 11-നു. പരുമല സിമ്മനാരി.

375. തേവർവേലിൽ യൗസേപ്പു ശെമ്മാച്ചനു. ടിയാന്റെ അപേക്ഷയെക്കുറിച്ചു ഹെഡ്മാസ്റ്റർ പ്രവർത്തിക്കുന്നതാണെന്നും മറ്റും. 1100 മിഥുനം 11-നു. പരുമല.

376. മട്ടയ്ക്കൽ മല്പാനു. വർത്തമാനങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

377. ചീരാമ്യാലിൽ ഗീവറുഗീസു കത്തനാർക്കും അമ്പലത്തുങ്കൽ ഇട്ടീരാ മാത്തുവിനും. ടി പള്ളി കാര്യം സംബന്ധിച്ചു. 1100 മിഥുനം 11. പരുമല.

378. വർക്കിപ്പിള്ളയ്ക്കു. കോട്ടയത്തെ കേസുകളെ സംബന്ധിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

379. കെ. വി. അബ്രഹാം വക്കീലിനു. വർത്തമാനങ്ങൾക്കും മറ്റും.

380. മട്ടയ്ക്കൽ മല്പാനു. കേസുകളെ സംബന്ധിച്ചു. 1100 മിഥുനം 16. പരുമല സിമ്മനാരി.

381. മുറിമറ്റത്തിൽ ഗീവറുഗീസു കത്തനാർക്കു. വർത്തമാനങ്ങൾക്കും അപേക്ഷപ്രകാരം എറണാകുളത്തു പള്ളിയ്ക്കുള്ള താൽക്കാലിക കെട്ടിടത്തിൽ കുരിശു വച്ചു വി. കുർബ്ബാന മുതലായവ നടത്താനും വികാരിക്കടുത്ത ചുമതലകൾ വഹിപ്പാനും അധികാരപ്പെടുത്തിയിരിക്കുന്നു എന്നും സഹായത്തിനു മുറന്തുക്കിൽ മാത്തു കത്തനാരെ കൂടെ നിയമിച്ചിരിക്കുന്നു എന്നും പള്ളിക്കാര്യം നോക്കുന്നതിനു യോഗം കൂടി ഒന്നോ രണ്ടോ പേരെ തെരഞ്ഞെടുത്തു അറിയിച്ചു സ്ഥിരപ്പെടുത്തുന്ന കല്പന വാങ്ങിച്ചുകൊള്ളണമെന്നും മറ്റും. 1100 മിഥുനം 16-നു. പരുമല സിമ്മനാരി.

382. മട്ടയ്ക്കൽ മല്പാനു.

383. പി. ഐ. വർക്കിക്കു. വർത്തമാനങ്ങൾക്കും മറ്റും.

384. പാറേട്ടു മാത്യൂസ് കത്തനാർക്കു. അഞ്ചേരി പള്ളി സംബന്ധിച്ചു. 1100 മിഥുനം 20. പരുമല.

385. കരവട്ടുവീട്ടിൽ അയ്പോര ഏലമ്മയ്ക്കു. കാലം ചെയ്ത മെത്രാച്ചന്റെ സ്വത്തുക്കൾ ശേഷിപ്പില്ലെന്നും ഉള്ളതു ശെമ്മാച്ചനെ ഏല്പിച്ചിരിക്കയാണെന്നും മറ്റും. 1100 മിഥുനം 20. പരുമല സിമ്മനാരി.

386. ഏ. കെ. ഗീവറുഗീസു ശെമ്മാച്ചനു. ടിയാന്റെ അമ്മയുടെ മരണത്തിൽ അനുശോചിച്ചു ഏഴു രൂപ അയക്കുന്നുയെന്നു. ടി തീയതി. ടി സ്ഥലം.

387. കൈതയിൽ കുഞ്ഞച്ചനു. മഞ്ഞനാക്കുഴിയിൽ വടക്കേക്കുറ്റു അവിരാ ചാണ്ടി ഇംഗ്ലീഷു സ്കൂൾ വകയ്ക്കു എഴുതിക്കൊടുത്ത നോട്ടുകേസു സംബന്ധിച്ചു. 1100 മിഥുനം 23-നു പരുമല സിമ്മനാരി.

388. കിഴക്കേയറ്റത്തു കുഞ്ഞപ്പനു.

389. ചാക്കോ സൂപ്രണ്ടിനു.

390. ചുങ്കത്തു ഇയ്യുവിനു.

391. പുലിക്കോട്ടിൽ ശെമ്മാശനു.

392. ചെറിയമഠത്തിൽ സ്കറിയാ കത്തനാർക്കു.

393. മട്ടയ്ക്കൽ മല്പാനു. വർത്തമാനങ്ങൾക്കും മറ്റും. 1100 മിഥുനം 23-നു പരുമല സിമ്മനാരി.

394. മട്ടയ്ക്കൽ മല്പാനു.



395. പൂപ്പെള്ളിൽ വറുഗീസിനു.

396. പി. പി. തൊമ്മൻ മാസ്റ്റർക്കു. വർത്തമാനങ്ങൾക്കും മറ്റും. 1100 മിഥുനം 25-നു പരുമല സിമ്മനാരി.

397. പാറേട്ട് മാത്യൂസ് കത്തനാർക്കു.

398. പാറേട്ട് സ്കറിയാക്കുട്ടിക്കു. പൗരപ്രഭയുടെ അവശേഷം പുറപ്പെടുവിക്കുന്നതിൽ അനുവദിച്ചും മറ്റും. 1100 മിഥുനം 26-നു പരുമല സിമ്മനാരി.

399. മടുക്കാനി പുത്തൻപുരയ്ക്കൽ ചെറിയാനു.

400. വർക്കിപ്പിള്ളയ്ക്കു. എം. ഡി. സെമിനാരി കോമ്പൗണ്ടിന്റെ വാടക വാങ്ങിക്കുന്നതിനെ സംബന്ധിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

401. കൊച്ചുമെത്രാച്ചനു.

402. മട്ടയ്ക്കൽ മല്പാനു.

403. പി. പി. തൊമ്മൻ മാസ്റ്റർക്കു.

404. കിഴക്കേയറ്റത്തു കുഞ്ഞപ്പനു. വർത്തമാനങ്ങൾക്കും മറ്റും. 1100 മിഥുനം 26. പരുമല.

405. തഴവാ പുത്തൻപുരയിൽ കോശി കത്തനാർക്കു. പള്ളി ... സംബന്ധിച്ചു. ടി തീയതി. ടി സ്ഥലം.

406. ചീരാമ്യാലിൽ ഗീവറുഗീസു കത്തനാർക്കു.

407. പാലപ്പള്ളിൽ പൗലോസു കത്തനാർക്കു.

408. കിഴക്കേയറ്റത്തു കുഞ്ഞപ്പനു. പുനരു കൊടുത്തു. ... എഴുതിയയച്ചു. 1100 മിഥുനം 28. പരുമല സിമ്മനാരി.

409. ചാവടിയിൽ തൊമ്മിയേട്ടന്. മകൻ ഈപ്പച്ചന്റെ ജയത്തെ അനുമോദിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

410. ബഥനി എപ്പിസ്കോപ്പാ അവർകൾക്കു. കോയമ്പത്തൂരും മറ്റും പോയി

വന്ന വിവരം അറിയുന്നതിൽ സന്തോഷിക്കുന്നു എന്നും മറ്റും. 1100 മിഥുനം 29. ടി സ്ഥലം.

411. ചീരാമ്യാലിൽ ഗീവറുഗീസു കത്തനാർക്കും ഇട്ട്യേര മാത്തുവിനും കൂടെ. വർത്തമാനങ്ങൾക്കും മറ്റും. 1100 മിഥുനം 30. ടി സ്ഥലം.

412. മാത്തുച്ചനു. പരുമല സിമ്മനാരിക്കു അയക്കുന്നവ കുണ്ടറ കൊച്ചുമെത്രാച്ചനു അയച്ചുകൊടുക്കണമെന്നും മറ്റും.

413. പുലിക്കോട്ടിൽ കാക്കുണ്ണി കുര്യൻ. വർത്തമാനങ്ങൾക്കും മറ്റും.

414. വർക്കിപ്പിള്ളയ്ക്കു. അമയന്നൂക്കാരന്റെ കേസിലെ വിധി രജിസ്റ്റർ ചെയ്തു അയക്കുന്നു എന്നും കേസുകളെക്കുറിച്ചും മറ്റും.

415. ചുങ്കത്തു വറിയതു ഇയ്യുവിനു. ഒരു അറബി പുസ്തകം അങ്ങോട്ടു അയക്കുന്നത് തർജ്ജമ ചെയ്യിച്ചു രണ്ടും കൂടെ ഉടനെ അയച്ചുതരണമെന്നും മറ്റും. 1100 മിഥുനം 32. ടി സ്ഥലം.

416. അഞ്ചേരിൽ വർക്കിപ്പിള്ളയ്ക്കു. കേസുകളെക്കുറിച്ചു.

417. ഇലഞ്ഞിക്കൽ പീലിപ്പോസ് വക്കീലിനു. ടി കാര്യം.

418. പി. പി. തൊമ്മൻ മാസ്റ്റർക്കു. വർത്തമാനങ്ങൾക്കു.

419. കെ. സി. ചാക്കോ. വർത്തമാനങ്ങൾക്കും മറ്റും.

420. റ്റി. ഫീലിപ്പോസ് വക്കീലിനു. വേറെ എങ്ങും ഇപ്പോൾ യാത്രയില്ലെന്നും വന്നാൽ കണ്ടു സംസാരിക്കാമെന്നും മറ്റും.

421. ഒ. എം. ചെറിയാൻ അവർകൾക്കു. കോട്ടാങ്ങൽ പരമേശ്വരൻപിള്ളയെക്കുറിച്ചു.

422. കൊച്ചുമെത്രാച്ചന്. വർത്തമാനത്തിനു.

423. കെ. വി. ഏബ്രഹാം വക്കീലിനു. വർത്തമാനങ്ങൾക്കും കേസുകളെക്കുറിച്ചും എഴുതി. 1100 കർക്കടകം 2-നു പരുമല സിമ്മനാരി.

424. തോനയ്ക്കാടു പള്ളി വികാരി യാക്കൂബ് കത്തനാർക്കു. അവിടുത്തെ വഴക്കു വർദ്ധിച്ചു പോലീസ് കേസിൽ കിടക്കുന്നു എന്നും ആയതു കഴിയുന്നതുംവേഗത്തിൽ തീർക്കേണ്ടതു നമ്മുടെ കടമയായതിനാൽ താനും ആ പള്ളി പ്രധാനികളായ ... നമ്മുടെ മുമ്പാകെ എത്തിയിരിക്കണമെന്നും മറ്റും.

425. പൂതക്കുഴിയിൽ അബ്രഹാം കത്തനാർക്കു. വർത്തമാനങ്ങൾക്കും മറ്റും.

426. ഇലഞ്ഞിക്കൽ പീലിപ്പോച്ചന്. മദ്രാസിന് അല്ലാടിയെ കാണാൻ പോകുന്നതിനെക്കുറിച്ചും മറ്റും.

427. കെ. കെ. ലൂക്കോസ് വക്കീലിന്. വക്കാലത്തുഫാറം സാക്ഷ്യപ്പെടുത്തി അയക്കുന്നു എന്നും മറ്റും.

428. ചുങ്കത്തു ഇയ്യുവിന്. അറബി പുസ്തകം അയച്ചു എന്നും മറ്റും. 1100 കർക്കടകം 5-നു പരുമല സിമ്മനാരി.

429. ചീരാമ്യാലിൽ ഗീവറുഗീസു കത്തനാർക്കു. വർത്തമാനങ്ങൾക്കും മറ്റും. 1100 കർക്കടകം 5-നു പരുമല സിമ്മനാരി.

430. എറികാട്ട് മാത്തു ചാക്കോ അവർകൾക്ക്. വർത്തമാനങ്ങൾക്കും മറ്റും.

431. ഇ. ജെ. ഫീലിപ്പോസ് വക്കീലിന്. മദ്രാസ് യാത്രയെക്കുറിച്ചും മറ്റും.

432. വർക്കിപ്പിള്ളയ്ക്കു. വർത്തമാനങ്ങൾക്ക്.

433. പാറേട്ട് മാത്യൂസ് കത്തനാർക്കു.

434. ചേരിയിൽ കൊച്ചൂഞ്ഞിനു. ടിയാൻ മുതൽപേർ ഇത്രടം വന്നുപോകണമെന്നു.

435. ... അവർകൾക്കു. വർത്തമാനങ്ങൾക്കും കൂടി എഴുതി. 1100 കർക്കടകം 5. ടി സ്ഥലം.

436. അമ്മേരിൽ കോശി വക്കീലിന്. ഹർജിയും വക്കാലത്തും അയക്കുന്നതിനു.

437. അമ്മേരിൽ ... ചെറിയാൻകുഞ്ഞിനു. ആ പള്ളി ചിട്ടിക്കേസിന്റെ വിവരം അറിഞ്ഞു സന്തോഷിക്കുന്നു എന്നും വർത്തമാനങ്ങൾക്കും മറ്റും. 1100 കർക്കടകം 5-നു പരുമല സിമ്മനാരി.

438. കോട്ടയം ചെറിയപള്ളി ഇടവകക്കാർക്കു. കപ്യാരു കുട്ടിയെ എല്ലാവരും കഴിയുന്നപോലെ സഹായിക്കണമെന്ന്. 1100 കർക്കടകം 5-നു.

439. തെരുവത്തു ഈശോ കത്തനാർക്കു. വർത്തമാനങ്ങൾക്കു.

440. വി. ഐ. വറുഗീസ് ബി.എ. എൽ.റ്റി. ക്ക്. അറബി ബുക്ക് അയച്ചോ എന്നറിയുന്നില്ലെന്നും മറ്റും.

441. ... വർത്തമാനങ്ങൾക്കു.

442. സി. വി. ഇയ്യുവിനു. വർത്തമാനങ്ങൾക്കു.

443. ... കത്തനാർക്കു. വർത്തമാനങ്ങൾക്കും മറ്റും എഴുതി അയച്ചു. 1100 കർക്കടകം 12. പരുമല സിമ്മനാരി.

444. ... സ്കറിയാ അവർകൾക്കു. തുമ്പമൺ സ്കൂളിനെക്കുറിച്ച് കണ്ടു പറയേണ്ട ചില കാര്യങ്ങൾക്കു ഇത്രടം വന്നു ചേരണമെന്നും മറ്റും.

445. പുളിമൂട്ടിൽ തോമ്മാച്ചന്. കണ്ണമ്പള്ളി കത്തനാരെക്കുറിച്ച്. വേണ്ടപോലെ ആലോചിച്ചുറച്ചു അയാളുമായി ഇത്രടം വരണമെന്നു.

446. കരവട്ടു ഏലമ്മയ്ക്കു. കണ്ടനാട്ടു പള്ളി മുതൽ സാമാനങ്ങളെക്കുറിച്ചും മറ്റും. 1100 കർക്കടകം 12. പരുമല.

447. തലവടി പടിഞ്ഞാറേക്കര പള്ളിയിൽ വികാരിയും ദേശത്തുപട്ടക്കാരും പള്ളിക്കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരെ, ആ പള്ളി സംബന്ധമായ വരവുചിലവു കണക്കുകൾ ... കേട്ടു തീരുമാനിച്ചതിന്റെ ശേഷം ഇതുവരെയുള്ളതു കേട്ടു തീരുമാനിച്ചിട്ടില്ലെന്നും അതു കേട്ടു തീരുമാനിക്കുന്നതിനും കുടിശിക വെയ്പാനുള്ള പണങ്ങൾ വെയ്പിക്കുന്നതിനും മുതൽകെട്ടിൽ ഏല്പിക്കുന്നതിനും മറ്റുമായി നാം ആ പള്ളിയിലേക്കു വരണമെന്നുള്ള നിങ്ങളുടെ അപേക്ഷ വികാരി മുതലായി നിങ്ങൾ അയച്ച നിങ്ങളുടെ പ്രതിപുരുഷന്മാർ ഇവിടെ വന്നു നമ്മോടു അറിയിക്കയുണ്ടായി. നിങ്ങളുടെ അപേക്ഷപ്രകാരം അങ്ങോട്ടു വരുന്നതിന് നമുക്കു സന്തോഷമെന്നിരുന്നാലും നമ്മുടെ ചില സുഖക്കേടുകൾ നിമിത്തം തൽക്കാലം അങ്ങോട്ടു വരുന്നതിന് സൗകര്യമില്ലാതെ തീർന്നിരിക്കുന്നതിൽ വ്യസനിക്കുന്നു. എന്നാൽ കണക്കു കേൾവി മുതലായതു ഉടൻതന്നെ നടത്തേണ്ടതു ആ പള്ളിയുടെ ക്ഷേമത്തിനു അത്യാവശ്യമാകയാൽ ആ പള്ളി കണക്കിനെക്കുറിച്ചു ആലോചിപ്പാൻ എല്ലാവരുംകൂടി നിങ്ങൾക്കു സൗകര്യമുള്ള ഒരു ദിവസം നിശ്ചയിച്ചു അന്നു ഇവിടെ നമ്മുടെ അടുക്കൽ വന്നുചേർന്നു കണക്കു കേട്ട് തീർച്ചപ്പെടുത്തി ആയതിന് ... തിരട്ടാക്കുന്നതും ഓരോരുത്തർ ചെയ്വാനുള്ള കുടിശിക എഴുതിക്കുന്നതും നമ്മുടെ മുമ്പാകെ വെച്ചാകാമെന്നും നിങ്ങൾ ഇവിടെ വരുമ്പോൾ അധിക താമസം ഉണ്ടാകാതെയിരിപ്പാൻ വേണ്ടി അവിടെ വച്ചു തന്നെ യോഗം കൂടി കണക്കുകൾ ഒരുമിച്ചുണ്ടാക്കിക്കുന്നതിനും മറ്റും വേണ്ടി ഇപ്പോൾ അവിടുത്തെ വികാരി എം. വി. കുര്യാക്കോസ് കത്തനാരെ പ്രത്യേകം ചുമതലപ്പെടുത്തി അയച്ചിരിക്കുന്നതിനാൽ വികാരി ആവശ്യപ്പെടുന്ന സമയം നിങ്ങൾ പള്ളിയിൽ കൂടി കണക്കുകൾ ഒരുവിധം കേട്ടു എഴുതി തീർക്കയും വാദമുള്ള സംഗതികൾ നമ്മുടെ മുമ്പാകെ വെച്ച് തീരുമാനിപ്പാൻ തക്കവണ്ണം കണക്കുകൾ മുതലായി സകല റിക്കാർട്ടുകളും സഹിതം വികാരി പ്രവർത്തിച്ച് ഇവിടെ നമ്മുടെ അടുക്കൽ വന്നുചേരണമെന്നും ... സർവ്വശക്തനായ ... എന്നു 1100 കർക്കടകം 12-നു പരുമല.

448. ബഥനി മെത്രാച്ചന്. വർത്തമാനങ്ങൾക്കും കറസ്പോണ്ടൻസിനെക്കുറിച്ചും മറ്റും. 16-12-1100. പരുമല.

449. എ. ഫീലിപ്പോസ് ജഡ്ജി അവർകൾക്കു. വർത്തമാനങ്ങൾക്കു. 1100 കർക്കടകം 16. പരുമല.

450. എറികാട്ടു മാത്തു ചാക്കോ അവർകൾക്കു. ടി സംഗതി. 16-12-1100. പരുമല.

451. വർക്കിപ്പിള്ളയ്ക്ക്. മല്ലപ്പള്ളിയിൽ മോടയിൽ വറുഗീസിന്റെ പള്ളിക്കൂടത്തിനെക്കുറിച്ചും മറ്റും. 16-12-1100. പരുമല.

452. പണ്ടങ്കരി പള്ളി വികാരിയ്ക്കും ഇടവകജനങ്ങൾക്കും വാഴ്വ്. ആയിരത്തിതൊണ്ണൂറ്റൊമ്പതു മീനം 30-നു മുതൽ 1100 കർക്കടകം 10-നു വരെയുള്ള ആ പള്ളി സംബന്ധമായ വരവുചിലവുകളുടെ തിരട്ടു നിങ്ങൾ അയച്ചത് കിട്ടി എന്നും ആയത് ഒപ്പും മുദ്രയും വച്ച് അങ്ങോട്ടു അയയ്ക്കുന്നു എന്നും നിങ്ങളുടെ റിപ്പോർട്ടിലെ താല്പര്യമനുസരിച്ച് മേൽ ആണ്ടുക്കു പുത്തൻപറമ്പിൽ വറുഗീസ് ഉമ്മനെ ട്രസ്റ്റിയായും പഴകുമാലിൽ മാത്തൻ മാത്തനെ കണക്കനായും നാം സ്ഥിരപ്പെടുത്തി നിയമിച്ചിരിക്കുന്നു എന്നും മറ്റും. 1100 കർക്കടകം 17-നു. പരുമല.

453. കെ. വി. അബ്രഹാം വക്കീലിനു വർത്തമാനങ്ങൾക്കും ... പേർക്കു

എഴുതുന്നതിനെക്കുറിച്ചും.

454. പാറേട്ടു മാത്യൂസ് കത്തനാർക്കു. സഭാസേവകനെക്കുറിച്ചും മറ്റു വർത്തമാനങ്ങൾക്കും.

455. പുലിക്കോട്ടിൽ യൗസേപ്പു ശെമ്മാശനു. വർത്തമാനങ്ങൾക്കും മറ്റും.

456. കെ. എം. വറുഗീസിനു. പത്രഖണ്ഡം അയച്ചിരുന്നതു തിരികെ അയയ്ക്കുന്നു എന്നും മറ്റും.

457. ഐസക്കു മത്തായിക്ക്. വർത്തമാനം അറിയിച്ചു തന്നതിൽ സന്തോഷിക്കുന്നു എന്നും മറ്റും. 1100 കർക്കടകം 18. പരുമല സിമ്മനാരി.

458. തോനയ്ക്കാടു പള്ളിയോഗത്തിനു. ആ പള്ളിയുടെ മുതൽചുമതലക്കാരനായിരുന്ന കൊച്ചുകോശിയുടെയും കണക്കൻ ഇട്ടി ഉമ്മന്റെയും കാലാവധി തീർന്നുപോകയാലും മറ്റും അവരെ ഇനി മുതൽ ചുമതലക്കാരായി വെച്ചുകൊണ്ടിരിപ്പാൻ പാടില്ലെന്നു കഴിഞ്ഞ മേട മാസം 8-നു കൂടിയ യോഗം നിശ്ചയിച്ചതനുസരിച്ചും മറ്റും യോഗം കൂടി സ്ഥിരമായ മുതൽചുമതലക്കാരെ തിരഞ്ഞെടുത്തു നിയമിക്കുന്നതുവരെ മുതൽചുമതലയ്ക്ക് മാത്തൻ കൊച്ചുകുഞ്ഞിനെയും കണക്കനായി തര്യൻ വാദ്ധ്യാരെയും വികാരിയുടെ റിപ്പോർട്ടനുസരിച്ചു നിയമിച്ചിരിക്കുന്നു എന്നും മറ്റും. 1100 കർക്കടകം 22-നു. പരുമല.

459. ഇളനിലത്ത് കോശി കത്തനാർക്കു. തോനയ്ക്കാട്ടു പള്ളിയിലെ കുഴപ്പങ്ങളും തർക്കങ്ങളും താൻ മുഖാന്തരം കൂടിയാണ് ശമിക്കാതിരിക്കുന്നതെന്നു അറിയുന്നതിൽ ഖേദിക്കുന്നു എന്നും താൻ അടുത്തുതന്നെ ഇത്രടം ഒന്നു വരണമെന്നും മറ്റും.

460. ചെറിയമഠത്തിൽ സ്കറിയാ കത്തനാർക്കു. വർത്തമാനങ്ങൾക്കും മറ്റും എഴുതി അറിയിക്കണമെന്നു.

461. പൂതക്കുഴിയിൽ അബ്രഹാം കത്തനാർക്കു. കേസിനെക്കുറിച്ചും മറ്റും. വക്കീലന്മാരെ ഉത്സാഹിപ്പിക്കണമെന്നു.

462. മാരേട്ടു ഫീലിപ്പോച്ചനു. എം.ഡി. സിമ്മനാരി സ്കൂളിന്റെ കറസ്പോണ്ടൻസിനെക്കുറിച്ചു.

463. ബഥനി മെത്രാച്ചനു. ടി കാര്യം. ടി തീയതി. ടി സ്ഥലം.

464. ... മാത്യുവിനു. വർത്തമാനങ്ങൾക്കും മറ്റും.

465. പി. സി. അയ്പ്പൂരു ഉപദേശിക്കു. ... കാര്യങ്ങളും മറ്റും സഹോദര മെത്രാന്മാരാണ് നടത്തുന്നതെന്നും അതിനാൽ അവരോടു എഴുതിചോദിച്ചുകൊള്ളണമെന്നു.

466. കെ. റ്റി. ഗീവറുഗീസു ശെമ്മാശനു. വർത്തമാനങ്ങൾക്കും മറ്റും എഴുതി അയച്ചു. 1100 കർക്കടകം 20-നു പരുമല സിമ്മനാരി.

467. വി. സി. വറുഗീസ് ബി.എ. എൽ.റ്റി. അവർകൾക്കു. കുന്നംകുളത്തിനു അയയ്ക്കുന്നതിനു ശ്രമിച്ചിരുന്ന ബുക്ക് അവിടെ കിട്ടിയില്ല എന്ന് എഴുത്തു വന്നിട്ടുണ്ടെന്നും മറ്റും.

468. പാലപ്പള്ളിൽ പൗലോസു കത്തനാർക്കു. വർത്തമാനങ്ങൾക്ക് എഴുതി അയയ്ക്കണമെന്ന്. ആ പള്ളി സംബന്ധിച്ചുള്ള കേസിൽ കോനാട്ടു മല്പാൻ മതസംഗതിയെക്കുറിച്ചു മൊഴികൊടുത്തത് എന്നാണെന്നും ആരാണ് അത് ഹാജരാക്കിയതെന്നും മറ്റും. 1100 കർക്കടകം 21. പരുമല സിമ്മനാരി.

469. ചക്കിട്ടടത്തു തോമ്മസ് കത്തനാർക്കു. സ്കൂൾ സംബന്ധമായ ചില സംഗതികൾ ചോദിച്ചറിവാൻ വേണ്ടി താനും വടക്കേ താഴേതിലെ സ്കറിയാച്ചനും കൂടെ ഇത്രടം വന്നുപോകണമെന്നും മറ്റും. 1100 കർക്കടകം 21. പരുമല.

470. കൊച്ചുമെത്രാച്ചനു. പള്ളികളെ സന്ദർശിക്കുന്നത് നല്ലതാണെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

471. പി. റ്റി. ഈപ്പൻ അവർകൾക്കു. നിങ്ങളുടെ പള്ളിയിലെ പട്ടക്കാരുടെയും നിങ്ങളുടെ പള്ളിയിലെ പതിവനുസരിച്ചും നടക്കുന്ന മറ്റു പള്ളികളിലെ കൈക്കാരുടെയും ആൺമക്കളെക്കൊണ്ടു നിങ്ങളുടെ പള്ളിയിലെ യോഗനിശ്ചയ പതിവനുസരിച്ചു നടക്കുന്ന .... അയ്മേനികളുടെ പെൺമക്കളെ കല്യാണം കഴിപ്പിക്കുമ്പോൾ നിങ്ങളുടെ പതിവനുസരിച്ചു ചെയ്തുകൊള്ളുന്നതിനാണ് ... യുമില്ലാത്ത നവീകരണ സഭയിലെ ഒരു പട്ടക്കാരന്റെ മകനെക്കൊണ്ട് കല്യാണം കഴിപ്പിച്ചതിന് ... ഇളവുചെയ്തു കൊടുക്കേണ്ടതുണ്ടെന്ന് നമുക്ക് അഭിപ്രായമില്ലെന്നും മറ്റും.

472. ചീരാമ്യാലിൽ ഗീവറുഗീസു കത്തനാർക്കു. വർത്തമാനങ്ങൾക്കും മറ്റും.

473. കാതോലിക്കാ ബാവായ്ക്കു. കൊച്ചുമെത്രാച്ചൻ അങ്ങോട്ടു ... എന്തെന്നറിയുന്നില്ലെന്നും മറ്റും. 1100 കർക്കടകം 22.

474. കടമ്മനിട്ട പി. സി. വറുഗീസ് കത്തനാർക്കു. താൻ മുണ്ടക്കയത്തു പള്ളിയിൽ എത്തി താമസിക്കുന്ന വിവരവും മറ്റും അറിഞ്ഞെന്നും നാം അവിടെ വികാരിയെ നിയമിക്കുന്നതിന് ആ പള്ളിക്കാരുടെ അപേക്ഷയ്ക്കു കാത്തിരിക്കുന്നു എന്നും മരത്തിൻമൂഴീയച്ചനെ കടമ്മനിട്ട നിയമിക്കുന്നതിന് പള്ളിക്കാരുടെ അപേക്ഷ കിട്ടിയില്ലെന്നും മുണ്ടക്കയത്തു പള്ളിക്കാര്യം കാതോലിക്കാ ബാവായുടെയും കടമ്മനിട്ട പള്ളികാര്യം കൊച്ചുമെത്രാച്ചന്റെയും അടുക്കൽ അപേക്ഷ കൊടുത്തു നടത്തിക്കുന്നത് നല്ലതാണെന്നും മറ്റും. 1100 കർക്കടകം 24. പരുമല സിമ്മനാരി.

475. ഒ. എം. ചെറിയാച്ചനു. കുഴിമറ്റത്തു കത്തനാരച്ചന്റെ ചേട്ടന്റെ മകൻ ഹിൻസ്പി ജോസ് എന്ന കൊച്ചന് ഒരു ശുപാർശക്കത്തു. 1100 കർക്കടകം 29. പരുമല സിമ്മനാരി.

476. നമ്മുടെ കോട്ടയം എം.ഡി. സിമ്മനാരിയുടെ കമ്മറ്റിക്കാർക്കു.

പ്രിയരെ, ടി സ്കൂൾ കമ്മട്ടി മെമ്പറന്മാരിൽ ഒരാളായ നമ്മുടെ എ. ഫീലിപ്പോസ് എം.എ. ബി.എൽ. ഒരു വക്കീലായി അവിടെ താമസിച്ചിരുന്ന കാലത്തു ടി സ്കൂളിന്റെ കറസ്പോണ്ടന്റ് സ്ഥാനവും കൂടി വഹിച്ചുകൊണ്ടുപോകുന്നതിന് സൗകര്യമുണ്ടായിരുന്നെങ്കിലും ഇപ്പോൾ അദ്ദേഹം ജഡ്ജിയായി ആലപ്പുഴ താമസിച്ചു വരുന്നതിനാൽ കറസ്പോണ്ടന്റ് സ്ഥാനം വഹിച്ചു നടത്തുന്നതിന് സൗകര്യക്കുറവുള്ളതിനാൽ കറസ്പോണ്ടന്റ് സ്ഥാനത്തിൽ നിന്നൊഴിവാക്കി ആ സ്ഥാനത്തേക്ക് വേറൊരാളെ ചുമതലപ്പെടുത്തണമെന്നു എ. ഫീലിപ്പോസ് അവർകൾ എഴുതി അയച്ചിരിക്കുന്നു. അങ്ങനെതന്നെ കമ്മിട്ടി മെമ്പറന്മാരിൽ ഒരംഗമായിരുന്ന നമ്മുടെ വല്യപറമ്പിൽ സി. ചെറിയാൻ മരിച്ചുപോകുകയാൽ അതിനു പകരം വേറൊരാളിനെ കമ്മിട്ടി മെമ്പറായും നിയമിക്കേണ്ടിയിരിക്കുന്നു. നമ്മുടെ ഫാ. മാത്യൂസ് പാറേട്ടു അതിലേക്ക് കൊള്ളാവുന്നവനും സൗകര്യമുള്ളവനും ആകയാൽ ടിയാനെ ഒരു കമ്മിട്ടിമെമ്പറും സ്കൂളിന്റെ കറസ്പോണ്ടന്റുമാക്കിയാൽ കൊള്ളാമെന്നു നമ്മോടുകൂടി ശേഷം കമ്മിട്ടിക്കാരും അഭിപ്രായപ്പെടാതിരിക്കില്ലെന്നാണ് നമ്മുടെ പൂർണ്ണമായ വിശ്വാസം. അതിനാൽ ടി നിയമനത്തെ കമ്മിട്ടിക്കാർ പാസ്സാക്കി കമ്മിട്ടി റിക്കാർട്ടിൽ രേഖപ്പെടുത്തിക്കൊള്ളുമെന്ന് വിശ്വസിക്കുകയും ശേഷം കാര്യങ്ങൾക്കു പിന്നാലെ എഴുതി അയയ്ക്കുന്നതാണ്.

സർവ്വശക്തനായ ദൈവത്തിന്റെ... എന്നു 1925-നു കൊല്ലം 1100 കർക്കടകം 24-നു. പരുമല സിമ്മനാരി.

477. എം.ഡി. സിമ്മനാരി ഹെഡ്മാസ്റ്റർ ഇട്ടിച്ചെറിയയ്ക്കു.

പ്രിയനെ, സ്കൂൾ സംബന്ധമായ സകല സംഗതികളും ഭംഗിയായിതന്നെ നടന്നുവരുന്നുവെന്നറിയുന്നതിൽ നാം വളരെ സന്തോഷിക്കയും അതിലേക്ക് നമ്മുടെ പ്രിയനെ അഭിനന്ദിക്കുകയും ചെയ്യുന്നു. സ്ഥലക്കുറവിനെക്കുറിച്ച് നാം വിചാരിക്കാതെ ഇക്കാര്യം പറയുന്നതല്ല. ആ കുറവും അധികം താമസിയാതെ സർവ്വശക്തൻ തീർത്തുതരുമെന്നാശിക്കുന്നു. വിശേഷിച്ചും നമ്മുടെ മാരേട്ടു ഫീലിപ്പോച്ചൻ ജഡ്ജി ഉദ്യോഗത്തിൽ ആയതിന്റെ ശേഷം ഇപ്പോൾ ആലപ്പുഴയാണല്ലോ താമസിക്കുന്നത്. അതു നിമിത്തം സ്കൂൾ കമ്മിട്ടി മെമ്പർസ്ഥാനം വഹിക്കുന്നതിനു സൗകര്യക്കുറവൊന്നുമില്ലെങ്കിലും കറസ്പോണ്ടന്റു സ്ഥാനം വഹിച്ചു നടത്തുന്നതിനു കുറെ സൗകര്യക്കുറവുള്ളതിനാൽ കറസ്പോണ്ടന്റ് സ്ഥാനം വേറെ ആളിനെ ഏല്പിക്കണമെന്ന് നമ്മുടെപേർക്ക് എഴുതി അയച്ചിരിക്കുന്നു. കമ്മിട്ടിക്കാരിൽ ഒരുവനായ നമ്മുടെ അക്കരെ കുഞ്ഞുകുഞ്ഞ് മരിച്ചുപോയതിന്റെ ശേഷം വേറൊരാളിനെ ഇതുവരെ മെമ്പറായി നിയമിച്ചിട്ടില്ലല്ലോ. നമ്മുടെ പാറേട്ടു കത്തനാരച്ചൻ ഈ വേലയ്ക്കു കൊള്ളാവുന്നവനും മിക്കപ്പോഴും കോട്ടയത്തു താമസിക്കുന്ന ആളും ആകയാൽ ടി കത്തനാരച്ചനെ ഒരു മെമ്പറും കറസ്പോണ്ടന്റുമായി നിയമിക്കുന്നത് നല്ലതാണ്. ഇതിലേക്കുള്ള നമ്മുടെ ഈ നിശ്ചയത്തെ സ്കൂൾ കമ്മിട്ടിക്കാരും പാസ്സാക്കേണ്ടിയത് ആണല്ലോ. തന്നെയും അങ്ങുമിങ്ങും താമസിക്കുന്ന കമ്മിട്ടിക്കാരെയും ഒന്നിച്ചുകൂട്ടുന്നത് അവർക്ക് പ്രയാസവും സൗകര്യക്കുറവുമായിരിക്കാമെന്ന് വിചാരിക്കുന്നതിനാൽ കമ്മിട്ടിക്കാർക്കായി ഇതു സഹിതം അയയ്ക്കുന്ന കല്പന കമ്മിട്ടിക്കാർക്കിടയിൽ സർക്കുലേറ്റ് ചെയ്ത് അവരുടെ അഭിപ്രായം വരുത്തി കമ്മിട്ടി റിക്കാർട്ടിൽ സൂക്ഷിച്ചുകൊള്ളുകയും കറസ്പോണ്ടന്റ് സ്ഥാനം ഒഴിയുന്ന ആളിനെയും സ്വീകരിക്കുന്ന ആളിനെയുംകൊണ്ട് ഇതിലേക്ക് പതിവുള്ളവിധത്തിൽ ഒപ്പിടുവിച്ച് സർക്കാരിലേക്കു അയച്ച് അനുവദിപ്പിച്ചു വരുത്തിക്കൊള്ളുകയും

ചെയ്യുമല്ലോ. ഇതിലേക്ക് ആവശ്യമുള്ള സകലവും നമ്മുടെ പ്രിയൻ വേണ്ടതു പോലെ നിവർത്തിച്ചുകൊള്ളുമെന്ന് വിശ്വസിക്കുന്നു. നാം അധികം താമസി യാതെ കോട്ടയത്തേക്ക് വരുന്നതാകകൊണ്ട് അപ്പോൾ തമ്മിൽ കണ്ട് സകല വർത്തമാനങ്ങളും പറയുകയും ഭംഗിയായ സ്കൂൾ നടത്തിപ്പിനെ കണ്ടു സന്തോഷിക്കുകയും ചെയ്തുകൊള്ളാമെന്നു കർത്താവിൽ വിശ്വസിക്കുന്നു. നമ്മുടെ പാറേട്ടെ കത്തനാരച്ചന്റെ പേർക്കു ഇന്നുതന്നെ നാം കല്പന അയ യ്ക്കുന്നുണ്ട്. സർവ്വശക്തനായ... എന്നു 1925-നു കൊല്ലം 1100 കർക്കടകം 28. പരുമല സിമ്മനാരി.

478. പാറേട്ടു മാത്യൂസ് കത്തനാർക്കു. തന്നെ എം.ഡി. സിമ്മനാരി സ്കൂളിന്റെ കമ്മിട്ടി മെമ്പറന്മാരിൽ ഒരാളും കറസ്പോണ്ടന്റുമായി നിയമിച്ചു ഹെഡ്മാസ്റ്ററുടെ പേർക്കും കമ്മിട്ടിക്കാരുടെ പേർക്കും എഴുതിയിട്ടുണ്ടെന്നും ഈ നിയമനത്തിൽ അതൃപ്തി കാണിക്കാതെ ജോലി നടത്തിക്കൊള്ളുമെന്നു വിശ്വസിക്കുന്നു എന്നും മറ്റും. 1100 കർക്കടകം 28. പരുമല സിമ്മനാരി.

479. കാതോലിക്കാ ബാവായ്ക്ക്. കൊച്ചുമെത്രാച്ചന്റെ എഴുത്തിനെക്കുറിച്ചും മറ്റും.

480. ബഥനി മെത്രാച്ചനു. ടി കാര്യത്തെക്കുറിച്ചു.

481. ചെറുവത്തൂർ മാത്തു ഉതുപ്പിനു. എഴുത്തിലെ താല്പര്യമനുസരിച്ച് സഹായിപ്പാൻ തീരെ സൗകര്യമില്ലെന്നും മറ്റും.

482. ഇ. ജെ. പീലിപ്പോസ് വക്കീലിനു. കേസുകളെക്കുറിച്ചും വട്ടിപ്പണക്കേ സിൽ ഹാജരാക്കിയിട്ടുള്ള എൽ. ഇ. അക്കം റിക്കാർട്ട് പാലപ്പള്ളിൽ കത്തനാ രുടെ പേർക്കു എടുത്തു അയപ്പിക്കണമെന്നും മറ്റും.

483. പാലപ്പള്ളിൽ പൗലോസു കത്തനാർക്ക്. റിക്കാർട്ടു കൊടുത്തയക്കുന്ന തിനു വക്കീലിന്റെ പേർക്കു എഴുതിയിട്ടുണ്ടെന്നും മറ്റും. 1100 കർക്കടകം 29 -നു. പരുമല സിമ്മനാരി.

484. പൂതക്കുഴിയിൽ അബ്രഹാം കത്തനാർക്കും സ്കറിയാ മല്പാനും കേസുകളെക്കുറിച്ചു വക്കീലന്മാരെ ഉത്സാഹിപ്പിക്കണമെന്നും മറ്റും.

485. വർക്കിപ്പിള്ളയ്ക്കു. ചെ. മു. കോ. (ചെങ്ങന്നൂർ മുനിസിപ്പ് കോർട്ട് എന്നാ യിരിക്കാം - എഡിറ്റർ) നിന്നു വന്ന ഒരു നോട്ടീസ് അങ്ങോട്ടയയ്ക്കുന്നു എന്നും ആയതിന് എന്താണ് ചെയ്യേണ്ടത് എന്നു വിശദമായി എഴുതി അയക്കണമെ ന്നും.

486. ഇ. ജെ. പീലിപ്പോസ് വക്കീലിനു. കേസ്സു നോക്കുന്നതിന് മല്പാൻ വന്നിട്ടു മതി എന്നു വിചാരിച്ചിരിക്ക ആണെന്നും മല്പാനു നല്ല സുഖമില്ലെന്നും മറ്റും. 1100 കർക്കടകം 30-നു. പരുമല സിമ്മനാരി.

487. വട്ടശ്ശേരിൽ തോപ്പിൽ പാപ്പിയ്ക്ക്. കുഴിപ്പള്ളി വക നമ്മുടെ വസ്തു വിന്റെ അവകാശം സംബന്ധിച്ചോ മറ്റോ ഉള്ള ഒരു നോട്ടീസിന്റെ പകർപ്പ് നാം കൈപ്പറ്റിയത് അങ്ങോട്ടയയ്ക്കുന്നു എന്നും വേണ്ടത് പ്രവർത്തിച്ചുകൊള്ളണ മെന്നും. 1100 കർക്കടകം 31. പരുമല സിമ്മനാരി.

488. പാലപ്പള്ളിൽ പൗലോസു കത്തനാർക്കു. പരുമല ചിട്ടിക്കേസു നമുക്കു ഗുണമായി വിധിച്ചെന്ന്.

489. ചക്കിട്ടടത്തു തോമ്മസു കത്തനാർക്കു. ടി കാര്യം.

490. തേരകത്തു ചെറിയാൻകുഞ്ഞിന്. ടി കാര്യം.

491. കിഴക്കേയറ്റത്തു കുഞ്ഞപ്പനു. ടി കാര്യവും ചെറിയപള്ളിക്കേസിനെ ക്കുറിച്ചും.

492. ചീരാമ്യാലിൽ ഗീവറുഗീസു കത്തനാർക്കു. ചിട്ടിക്കേസിനെക്കുറിച്ച് വിധി ച്ചെന്നും മറ്റും.

493. കൊച്ചുപറമ്പിൽ സ്കറിയാ കത്തനാർക്കു. ടി കാര്യം. 1101 ചിങ്ങം 1- നു. പരുമല സിമ്മനാരി.

494. വടക്കേത്തലയ്ക്കൽ സ്കറിയാ കത്തനാർക്കും പി. ജേക്കബ് കുര്യനും കൂടി. തോനയ്ക്കാട്ടു പള്ളിയിൽ അടുത്ത ഞായറാഴ്ച കൂടുന്ന പൊതുയോഗ ത്തിൽ നിങ്ങൾ നമ്മുടെ പ്രതിപുരുഷന്മാരെന്ന നിലയ്ക്കു സ്ഥിരമായ ഒരു മുതൽചുമതലക്കാരനെയും കണക്കനെയും തെരഞ്ഞെടുത്തു പേരുവിവരം എഴുതി അയക്കണമെന്നും മറ്റും.

495. തോനയ്ക്കാട്ടു പള്ളി വികാരി തട്ടാശേരി യാക്കൂബ് കത്തനാർക്കു. അടുത്ത ആഴ്ച പൊതുയോഗം കൂടുന്നതിന് എല്ലാ മുറിക്കാർക്കും നോട്ടീസു കൊടുക്കയും പള്ളിയിൽ കുർബാനസമയത്തു വിളിച്ചു പറയണമെന്നും നമ്മുടെ പ്രതിനിധികളായി വടക്കേത്തലയ്ക്കൽ സ്കറിയാ കത്തനാരും പി. ജേക്കബ് കുര്യനും വന്നു യോഗം നടത്തിച്ചു മുതൽചുമതലക്കാരനെയും കണക്കനെയും തിരഞ്ഞെടുത്തു പേർ നമ്മെ അറിയിക്കണമെന്ന് ഇവരുടെ പേർക്കു നാം എഴു തിയിട്ടുണ്ടെന്നും നടവരവിനെക്കുറിച്ച് ഉണ്ടായ തർക്കത്തിന് ഉണ്ടായ പോലീസ് കേസിന്റെ മേൽനടപടി നടത്തരുതെന്നും മറ്റും. 1101 ചിങ്ങം 1-നു പരുമല സിമ്മ നാരിയിൽ നിന്നും.

496. ബഥനി മെത്രാച്ചനു. ഫാദർ നൊറോണയുടെ എഴുത്തു അങ്ങോട്ടയ ക്കുന്നതിന് മറുപടി അയച്ചുകൊടുക്കണമെന്നും ഫാദർ കോശിയുടെ പേർക്കു എഴുത്തയക്കണമെന്നും മറ്റും. 1101 ചിങ്ങം 1. പരുമല സിമ്മനാരി.

497. ചെറിയമഠത്തിൽ കൊച്ചുയാക്കൂബ് കത്തനാർക്കു. കന്നുകുഴിയിൽ നിങ്ങളുടെ പരിശ്രമത്താൽ വച്ചിരിക്കുന്ന പള്ളിയിൽ വരുന്ന പതിനഞ്ചാം തീയതി ദൈവമാതാവിന്റെ നാമത്തിൽ കുരിശു വച്ചു ചൊല്ലുന്നതിന് മൂപ്പച്ച നെയും തന്നെയും അനുവദിച്ചിരിക്കുന്നുയെന്നും അന്നു ശുശ്രൂഷകൾ നടത്തു ന്നതിന് പ്രത്യേകം മല്പാനച്ചനെ നാം ചുമതലപ്പെടുത്തുന്നു എന്നും. കാതോ ലിക്കാ ബാവാ ... എന്നറിയുന്നതിൽ ....ക്കുന്നു എന്നും മറ്റും.

498. കുറ്റിക്കണ്ടത്തിൽ അലക്സന്ത്രയോസ് കത്തനാർക്കു. തനിക്കു .... പരു മല സിമ്മനാരി.

499. കൊച്ചു മാമ്മച്ചനു. നമ്മുടെ വടക്കേ താഴയിൽ മുടയ്ക്കമണ്ണിൽ കറി യാക്കുട്ടിയുടെ എഴുത്തോടുകൂടി വടക്കേ താഴയിൽ സ്കറിയാ വാദ്ധ്യാർ ഇവിടെ വന്നിരിക്കുന്നു. എന്താണഭിപ്രായപ്പെടേണ്ടത് എന്ന് നാം അറിയുന്നില്ല. വേണ്ടത് പ്രവർത്തിക്കുമെന്നു വിശ്വസിക്കുന്നു എന്നും മറ്റും. 3-1-1100. പരുമല സിമ്മനാ രി.

500. കാതോലിക്കാ ബാവായ്ക്കു. ചിട്ടിക്കേസിന്റെ കാര്യവും ചെറിയമഠ ത്തിലച്ചന്റെ പേർക്കു കന്നുകുഴി പള്ളിക്കാര്യത്തിന് കുരിശു വച്ച് ചൊല്ലുന്നതി നുമാത്രം കല്പന കൊടുത്തു എന്നും മേലാൽ എല്ലാ കാര്യത്തിനും അവി ടുന്നു വേണം കല്പന കൊടുക്കേണ്ടതെന്നും ആ വിവരത്തിന് അവർക്കു എഴു തിയിട്ടുണ്ടെന്നും മറ്റും. 3-1-1100.

501. സ്കറിയാക്കുട്ടിക്ക്. കഴിഞ്ഞ വെള്ളിയാഴ്ചത്തെ പ്രഭയും സേവകനും കിട്ടിയില്ലെന്നും ഉടനെ അയക്കണമെന്നും പ്രഭയുടെ വരിസംഖ്യ ജ്യേഷ്ഠൻ കത്തനാച്ചനോടു വാങ്ങിച്ചുകൊള്ളണമെന്നും മറ്റും. 3-1-1100. പരുമല സിമ്മ നാരി.

502. പള്ളിവാതുക്കൽ പി. എസ്. യൗസേപ്പ് വക്കീലിനു. തുമ്പമൺ സ്കൂൾ വാദ്ധ്യാന്മാരെക്കുറിച്ചും മറ്റും. വിസ്തരിക്കുമ്പോൾ വിവരമായി പറഞ്ഞുകൊ ള്ളാമെന്നും. ടി തീയതി. ടി സ്ഥലം.

503. പുലിക്കോട്ടിൽ യൗസേപ്പ് ശെമ്മാശ്ശനു. ഇയ്യുവിന്റെ പേർക്കു അയച്ചു കൊടുത്തിരിക്കുന്ന അറബി പുസ്തകത്തിന്റെ തർജ്ജമയെക്കുറിച്ചു.

504. കല്ലറയ്ക്കൽ കുഞ്ചപ്പനു. വട്ടക്കുന്നേൽ കുര്യൻ വക്കീൽ മുൻസിപ്പൽ ...

505. അഞ്ചേരിൽ കോശിക്കു. മേപ്പടി കാര്യത്തെക്കുറിച്ചു കുഞ്ചപ്പന്റെ പേർക്കു എഴുതി അയച്ചിട്ടുണ്ടെന്നും മറ്റും. 1100 ചിങ്ങം 10.

506. ഉപ്പൂട്ടിൽ കുര്യച്ചനു. കുര്യൻ വക്കീലിന്റെ കാര്യത്തിൽ ... പ്രവർത്തി ക്കണമെന്നു.

506. വർക്കിപ്പിള്ളയ്ക്കു. കേസിനെക്കുറിച്ചു പോളച്ചിറയ്ക്കൻ വർക്കിപ്പിള്ള യോടു പറഞ്ഞ കാര്യം താൻ മാമ്മനോടു സംസാരിച്ച കൂട്ടത്തിൽ പറഞ്ഞു എന്നും ഇതിനെ ഇപ്പോൾ യാതൊരു മറുപടിയും പറയാൻ സാധിക്കയില്ലെന്നു മറുപടി പറയുകയുണ്ടായി എന്നും ... കോശി വക്കീലിനെ ധരിപ്പിക്കണമെന്നും മറ്റും. 1101 ചിങ്ങം 8-നു പരുമല സിമ്മനാരി.

508. സ്കറിയാക്കുട്ടിക്കു. പൗരപ്രഭ കിട്ടുന്നതിന് താമസിക്കുന്നു എന്നും ചിങ്ങം 2, 5 തീയതികളിലെ പത്രം കിട്ടിയില്ലെന്നും മറ്റും.

509. പി. പി. തൊമ്മൻ മാസ്റ്റർക്കു. വർത്തമാനങ്ങൾക്ക്. ടി തീയതി. ടി സ്ഥലം.


510. ചുങ്കത്തു ഇയ്യുവിനു. പുസ്തകത്തിന്റെ തർജ്ജമകാര്യവും വർത്തമാ നങ്ങൾക്കും മറ്റും എഴുതി അയച്ചു. 8-1-1101. പരുമല.

511. കിഴക്കേയറ്റത്തു കുഞ്ഞപ്പനു. ചെറിയപള്ളിക്കേസിനെക്കുറിച്ച് വിവര ത്തിനു എഴുതിയയ്ക്കണമെന്നു.

(തുടരും)

വിശ്വാസ പാഠനം

തിരുവെഴുത്തുകൾ: സഭയുടെ ആധികാരിക പാരമ്പര്യം - 14



ഡോ. തോമസ് മാർ അത്താനാസിയോസ്

യേശുവും പുതിയനിയമ എഴുത്തുകാരും അപ്പോസ്തോലികകാലത്തെ സഭയും പഴയനിയമവെളിപാടിനെ ആധികാരികമായി അംഗീകരിക്കുകയും പഴയനിയമരചനകളെ തിരുവെഴുത്തുകളായി പരിഗണിക്കുകയും ചെയ്തിരുന്നു എന്നത് മുൻ ചർച്ചകളിൽ വ്യക്തമായി. അതുകൊണ്ട് പ്രപഞ്ചസൃഷ്ടി നടത്തുകയും ഇസ്രായേലിന് നിയമങ്ങൾ നൽകുകയും പ്രവാചകർ വെളിപ്പെടുത്തുകയും ചെയ്ത ദൈവം തന്നെയാണ് പുതിയനിയമത്തിൽ വെളിപ്പെട്ടത് എന്ന കാര്യത്തിൽ ആദിമസഭയിൽ തർക്കമുണ്ടായിരുന്നില്ല. ഉപ അപ്പോസ്തോലിക കാലഘട്ടം (Sub Appostolic Era) കഴിഞ്ഞ് രണ്ടാം നൂറ്റാണ്ടിന്റെ മദ്ധ്യം വരെ ഈ കാഴ്ചപ്പാടിന് പൊതുവായ സ്വീകാര്യത ഉണ്ടായിരുന്നു .



ഉപ അപ്പോസ്തോലികകാലത്തെ പ്രധാനപിതാക്കന്മാർ അന്ത്യോഖ്യയിലെ ഇഗ്നാത്യോസ്, റോമിലെ ക്ലീമ്മീസ്, സ്മിർണായിലെ പോളിക്കാർപ്പോസ് തുടങ്ങിയവരായിരുന്നു . അവരുടെ രചനകളിൽ തിരുവെഴുത്തുകൾ എന്നാൽ പഴയനിയമം തന്നെ ആയിരുന്നു. തീർച്ചയായും ഇതിനോടകം പുതിയനിയമ രചനകൾ സഭയിൽ ആധികാരികത നേടിയിരുന്നു എന്നത് അവരുടെ രചനകൾ സാക്ഷിക്കുന്നു. എന്നാൽ പഴയനിയമതിരുവെഴുത്തുകളെ വ്യാഖ്യാനിക്കുന്നത് പുതിയനിയമ വെളിപാടിന്റെയും അപ്പോസ്തോലികരചനകളുടെയും അടിസ്ഥാനത്തിൽ ആയിരിക്കണം എന്ന കാഴ്ചപ്പാടാണ് അവർ പുലർത്തിയിരുന്നത്. പഴയനിയമം മനസ്സിലാക്കുവാനുള്ള താക്കോൽ ക്രിസ്തുവിലൂടെയുള്ള വെളിപാടും അപ്പോസ്തോലികരചനകളും ആയിരുന്നു എന്ന് സാരം (ഫിലാദൽഫിയ ലേഖനം 8:2-9:1). ഇത് ഉപ അപ്പോസ്തോലികകാലത്തെ സഭയുടെ പൊതുവായ വീക്ഷണമായിരുന്നു.

എന്നാൽ രണ്ടാം നൂറ്റാണ്ടിന്റെ മദ്ധ്യത്തോടെ സഭയുടെ ഈ കാഴ്ചപ്പാടിനു വിരുദ്ധമായ അഭിപ്രായങ്ങൾ ഉയർന്നു. പൊണ്ടസുകാരനായ മാർക്കിയോൻ എന്നൊരാൾ പഴയനിയമം അപ്പാടെ തള്ളിക്കളഞ്ഞു . പുതിയനിയമരചനകളിൽ ലൂക്കോസിന്റെ സുവിശേഷവും പൗലോസിന്റെ പത്തു ലേഖനങ്ങളും മാത്രമാണ് സഭയ്ക്ക് ആധികാരികമായുള്ളൂ എന്ന വാദം ഉയർത്തി. ഈ കാലത്തു തന്നെ സജീവമായിത്തീർന്ന നോസ്റ്റിക് (gnostic) വിഭാഗങ്ങൾ പഴയനിയമം നിരാകരിക്കുകയും അപ്പോസ്തലന്മാരുടെ പേരിൽ അംഗീകരിക്കപ്പെട്ടിരുന്ന എഴുത്തുകൾക്കു സമാന്തരമായി നിരവധി രചനകളിലൂടെ (ഫിലിപ്പോസിന്റെ സുവിശേഷം, തോമസിന്റെ സുവിശേഷം, സത്യത്തിന്റെ സാക്ഷ്യം തുടങ്ങിയവ) വിശ്വാസികൾക്കിടയിൽ ആശയക്കുഴപ്പം സൃഷ്ടിച്ച് പുതിയനിയമരചനകളുടെ പ്രസക്തി കുറയ്ക്കാൻ ശ്രമിക്കുകയും ചെയ്തു. ഇവരുടേതായ വലിയൊരു ഗ്രന്ഥശേഖരം കഴിഞ്ഞ നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ അപ്പർ ഈജിപ്തിൽ നാഗ് ഹമ്മാദി (Nag Hammadi) എന്ന സ്ഥലത്തു നിന്ന് ലഭിക്കുകയുണ്ടായി. ഇതിൽ നിന്നും അവരുടെ ചിന്തകളും ഉപദേശങ്ങളും സംബന്ധിച്ച കാഴ്ചപ്പാടുകൾ കൂടുതൽ വ്യക്തമായി.

മാർക്കിയോനും നോസ്റ്റിക്കുകളും ഉൾപ്പെടെയുള്ളവർ തിരുവെഴുത്തുകൾ സംബന്ധിച്ച വിലയിരുത്തലുകൾ രൂപപ്പെടുത്തിയത് അവരുടെ പ്രപഞ്ച വീക്ഷണത്തിന്റെ (world view) അടിസ്ഥാനത്തിലായിരുന്നു. അവരെ സംബന്ധിച്ചിടത്തോളം ഭൗതികലോകം മുഴുവനും ദുഷ്ടവും വികലവും കാരാഗൃഹ തുല്യവും ആയിരുന്നു. കടുത്ത ുലശൈാശശേര ലോകവീക്ഷണം ആയിരുന്നു അവർക്കുണ്ടായിരുന്നത്. അതിനനുസൃതമായ വേദചിന്തയാണ് അവർ രൂപപ്പെടുത്തിയത്. ലോകം വികലവും ദുഷ്ടവും ആയി അവർ മനസ്സിലാക്കിയതിനാൽ ലോകത്തിൽ അരങ്ങേറിയ ചരിത്രത്തെയും അവർ അവമതിച്ചു. ഇപ്രകാരമുള്ള ഒരു ലോകം സൃഷ്ടിക്കുകയും അതു നിലനിർത്തുകയും അതിൽ സ്വയം വെളിപ്പെടുകയും ചെയ്യുന്ന ദൈവം അപരിഷ്കൃതനും അലിവില്ലാത്തവനുമായ ഒരു ദൈവമായിരിക്കണം എന്ന നിഗമനത്തിൽ അവർ എത്തിച്ചേർന്നു. ഈ ദൈവത്തിന്റെ പ്രകൃതം പഴയനിയമത്തിലെ ദൈവത്തിൽ (യഹോവ) കണ്ടെത്തി. പുതിയനിയമത്തിൽ യേശു പരിചയപ്പെടുത്തിയ ദൈവം സ്നേഹവും അലിവുള്ളവനും ആയിരുന്നു. അതിന്റെയടിസ്ഥാനത്തിൽ പഴയനിയമത്തിലെ സൃഷ്ടികർത്താവായ ദൈവവും പുതിയനിയമത്തിൽ യേശുവിൽ വെളിപ്പെട്ട രക്ഷകനായ ദൈവവും എന്നിങ്ങനെ രണ്ടു ദൈവങ്ങൾ ഉണ്ട് എന്ന വാദം അവർ അവതരിപ്പിച്ചു . അക്കാരണത്താൽ പഴയനിയമവും അതിലെ ന്യായപ്രമാണവും അതു വെളിപ്പെടുത്തിയ ദൈവവും യേശു അവതരിപ്പിച്ച സുവിശേഷത്തിനും അതിൽ വെളിപ്പെട്ട ദൈവത്തിനും വിരുദ്ധമാണ് എന്ന് അവർ വാദിച്ചു. പഴയനിയമം സൃഷ്ടികർത്താവായ ദൈവത്തിന്റെയും പുതിയനിയമം രക്ഷകനായ ദൈവത്തിന്റെയും സ്വഭാവത്തിനനുസൃതമായ രണ്ടു വിരുദ്ധനിയമങ്ങളായി അവർ വിലയിരുത്തി. അങ്ങനെ പഴയനിയമത്തെയും അതിൽ വെളിപ്പെട്ട ദൈവത്തെയും നോസ്റ്റിക്കുകൾ തിരസ്കരിച്ചു .

ആ അടിസ്ഥാനത്തിലായിരുന്നു അവർ രക്ഷാസിദ്ധാന്തവും രൂപപ്പെടുത്തിയത്. വികലവും പ്രാകൃതവുമായ സൃഷ്ടി എന്നത് കാരാഗൃഹതുല്യമാണ്. സൃഷ്ടിക്ക് രക്ഷാസാദ്ധ്യതയില്ല. രക്ഷ എന്നത് സൃഷ്ടിയിൽ ബന്ധിതമായ ആത്മാക്കളുടെ മോചനമാണ്. അതായത് സൃഷ്ടിയും രക്ഷയും വിരുദ്ധധ്രുവങ്ങളായി അവർ ചിന്തിച്ചു. അതിന്റെയടിസ്ഥാനത്തിൽ അവരുടെ കാഴ്ചപ്പാടിൽ രക്ഷ എന്നാൽ സൃഷ്ടിയുടെ ക്രമത്തിൽ നിന്നും സ്രഷ്ടാവിന്റെ ആധിപത്യത്തിൽ നിന്നുമുള്ള വിമോചനമാണ്; സൃഷ്ടിയുടെ വീണ്ടെടുക്കൽ അല്ല. ഈ രക്ഷ സാധിക്കുന്നത് യേശു തന്റെ ശിഷ്യന്മാർക്കു വെളിപ്പെടുത്തിയതും നോസ്റ്റിക് ഗുരുക്കന്മാരിലൂടെ പിൻതലമുറയ്ക്കു നൽകിയതുമായ രഹസ്യജ്ഞാനം (gnosis) വഴിയാണ് . ഇതു ലഭിക്കുന്നവർക്കാണ് രക്ഷ ലഭിക്കുന്നത് . വിമോചനാത്മകമായ രഹസ്യജ്ഞാനം പ്രാപിച്ചവരുടെ കൂട്ടായ്മയാണ് നോസ്റ്റിക് കൂട്ടായ്മ (conventicle). ഇവർക്കാണ് രഹസ്യജ്ഞാനത്തിന്റെയും രക്ഷയുടെയും കുത്തക . പഴയനിയമത്തിലെ ദൈവം സൃഷ്ടിച്ചതും ഭൂമിയിൽ ഇടപെട്ടതും ചരിത്രത്തിലാണ്. ഭൗതികലോകത്തിൽ അരങ്ങേറുന്ന ചരിത്രത്തെ നോസ്റ്റിക്കുകളും മാർക്കിയോനും അവമതിക്കുകയും അതുകൊണ്ട് രക്ഷ ചരിത്രത്തിനതീതമാണ്

എന്ന് തിരുത്തുകയും ചെയ്തു. ചുരുക്കത്തിൽ നോസ്റ്റിക് - മാർക്കിയോൻ വിഭാഗക്കാരുടെ സൃഷ്ടിവിരുദ്ധ മനോഭാവം അവരെ രണ്ടു ലോകം, രണ്ടു ദൈവം, രണ്ടു വെളിപാടുകൾ, സൃഷ്ടിയും രക്ഷയും വിരുദ്ധം എന്നീ കാഴ്ചപ്പാടുകൾ രൂപപ്പെടുത്തുന്നതിനിടയാക്കി. അതിന്റെയടിസ്ഥാനത്തിൽ അവർ പഴയനിയമത്തെയും അതിൽ വെളിപ്പെട്ട ദൈവത്തെയും പുതിയനിയമത്തിനും ക്രിസ്തു വെളിപ്പെടുത്തിയ ദൈവത്തിനും ബദലായി അവതരിപ്പിക്കുകയും ചെയ്തു. ഈ ദ്വയദൈവ-വെളിപാടു സിദ്ധാന്തം സഭയ്ക്കുള്ളിൽ ചിന്താക്കുഴപ്പം സൃഷ്ടിച്ചു.

ഈ സിദ്ധാന്തം നിലവിലിരുന്ന വേദശാസ്ത്ര - വിശ്വാസ - പാരമ്പര്യങ്ങൾക്കു വിരുദ്ധമായി സഭ കാണുകയും അതിനെ ചെറുത്ത് സഭാവിശ്വാസം സംരക്ഷിക്കേണ്ടത് സഭ ഒരു വെല്ലുവിളിയായി ഏറ്റെടുക്കുകയും ചെയ്തു. ദൈവത്തിന്റെയും വെളിപാടുകളുടെയും ഐക്യം, അതിനനുസൃതമായ രക്ഷാസിദ്ധാന്തം എന്നിവ പുനഃസ്ഥാപിക്കുന്നതും ദ്വൈതവാദത്തെ പ്രതിരോധിക്കേണ്ടതും സഭയുടെ ഉത്തരവാദിത്വമായി. ലിയോണിലെ വി. ഐറേനിയസ്, റോമിലെ വി. ഹിപ്പോലിറ്റസ്, കാർത്തേജിലെ വി. തെർത്തുല്യൻ, സാലമിസിലെ വി. എപ്പിഫാനിയസ്, സുറിയാനിക്കാരനായ വി. അപ്രേം തുടങ്ങിയവർ മേൽപ്പറഞ്ഞ വിശ്വാസവിരുദ്ധ പ്രവണതകളെ ഖണ്ഡിക്കുവാനായി രചനകൾ നടത്തിയ പിതാക്കന്മാരാണ്. ഇവരിൽ വേദപുസ്തക - ആശയ - വേദശാസ്ത്ര തലത്തിൽ വ്യവസ്ഥാപിത (systematic) മായി ഏറ്റവും ഫലപ്രദമായി പ്രതിരോധിച്ചത് ലിയോണിലെ ഐറേനിയസ് (AD 130 - 202) ആയിരുന്നു . ഇതു സംബന്ധിച്ച് അദ്ദേഹത്തിന്റെ വിഖ്യാതമായ രണ്ടു രചനകൾ: വേദവിപരീതങ്ങൾക്കെതിരെ (Adversus Hereses), അപ്പോസ്തോലിക പ്രഭാഷണം (On the Apostolic preaching) എന്നിവയാണ്. ഇതിൽ ആദ്യത്തേത് വേദവിപരീതവിരുദ്ധ രചനയും രണ്ടാമത്തേത് സഭാവിശ്വാസം സംബന്ധിച്ച ഹ്രസ്വമായ പ്രബന്ധവും ആണ്. നോസ്റ്റിക്കുകളും മാർക്കിയോനും അവതരിപ്പിച്ച രണ്ടു ദൈവ - രണ്ടു വെളിപാട് വാദവും രക്ഷ എന്നത് സ്രഷ്ടാവിന്റെ അടിമത്തത്തിൽ നിന്നുള്ള മോചനമാണ് എന്ന വീക്ഷണവും ക്രിസ്തീയ പാരമ്പര്യ - വിശ്വാസങ്ങൾക്കു നിരക്കാത്തതാണ് എന്ന് ഈ രചനകളിലൂടെ ഐറേനിയസ് സമർത്ഥിക്കുകയായിരുന്നു .

വ്യക്തികളുടെ പ്രപഞ്ചവീക്ഷണത്തിന്റെയടിസ്ഥാനത്തിൽ വെളിപാടിനെയും ദൈവത്തെയും വിലയിരുത്തുന്നത് രീതിശാസ്ത്രപ്രകാരം നീതീകരിക്കാവുന്നതല്ല എന്നതായിരുന്നു ഐറേനിയസിന്റെ വാദം. ചരിത്രത്തിൽ അരങ്ങേറിയ ദൈവിക വെളിപാട് ശരിയായി തിരിച്ചറിഞ്ഞും ദൈവദാനമായ യുക്തി പ്രയോജനപ്പെടുത്തിയുമാണ് വിഷയങ്ങൾ മനസ്സിലാക്കുവാനാകുന്നത് എന്ന നിലപാടായിരുന്നു അദ്ദേഹത്തിന്റേത് . വെളിപാടിന്റെയും അതിൽ വെളിപ്പെടുന്ന ദൈവത്തിന്റെയും ഐക്യം സഭയുടെ വിശ്വാസമാണ് എന്ന് അദ്ദേഹം സ്ഥാപിച്ചു. സൃഷ്ടിയുടെയും രക്ഷയുടെയും ഐക്യം ദൈവികപദ്ധതിയുടെ അടിസ്ഥാനത്തിൽ തിരിച്ചറിഞ്ഞ കാര്യമായും അദ്ദേഹം സമർത്ഥിച്ചു. നോസ്റ്റിക്കുകളുടെ രഹസ്യവിജ്ഞാനത്തിനു പകരമായി സഭയുടെ സത്യവിശ്വാസവും അവരുടെ രഹസ്യവിജ്ഞാനത്തിന്റെ പിന്തുടർച്ചയ്ക്കു ബദലായി അപ്പോസ്തോലികവിശ്വാസ പിന്തുടർച്ചാശൃംഖലയും (apostolic succession) അദ്ദേഹം അവതരിപ്പിച്ചു. നോസ്റ്റിക്കുകളുടെ രഹസ്യകൂട്ടായ്മയ്ക്കു ബദലായി സഭയെ അദ്ദേഹം പ്രതിഷ്ഠിച്ചു . അങ്ങനെ ഐറേനിയസ് നോസ്റ്റിക് - മാർക്കിയോൻ വേദവിപരീതത്തെ സമർത്ഥമായി പ്രതിരോധിച്ച് സഭാവിശ്വാസം നിലനിർത്തി.

ഐറേനിയസിന്റെ വേദശാസ്ത്രനിലപാട് അദ്ദേഹം തിരുവചനാടിസ്ഥാനത്തിൽ സ്ഥാപിക്കുന്നു. പ്രപഞ്ചത്തിന്റെ കുറവുകളുടെയും വൈകല്യങ്ങളുടെയും അടിസ്ഥാനം അതു സൃഷ്ടിക്കുകയും അതിൽ ഇടപെടുകയും ചെയ്യുന്ന ദൈവത്തിൽ ആരോപിച്ചു കൂടാ. പ്രത്യുത ദൈവികക്രമത്തോടു മറുതലിച്ച മനുഷ്യനും അവന്റെ വീഴ്ചയിൽ പങ്കുചേർന്ന പ്രകൃതിയുമാണ് അതിന്റെ അടിസ്ഥാനം. അതാണ് തിരുവെഴുത്തിൽ നാം കാണുന്നത്. അതുകൊണ്ട് ലോകത്തിൽ മനുഷ്യന്റെ അനുഭവങ്ങളുടെയടിസ്ഥാനത്തിൽ പ്രപഞ്ചത്തെയോ അതു സൃഷ്ടിച്ച ദൈവത്തെയോ പഴിക്കാനാവില്ല എന്നതായിരുന്നു ഐറേനിയസിന്റെ വാദം .

പഴയനിയമവെളിപാടിനെയും മാർക്കിയോൻ - നോസ്റ്റിക്കുകൾ തെറ്റായിട്ടാണ് മനസ്സിലാക്കുന്നത് എന്ന് ഐറേനിയസ് സ്ഥാപിക്കുന്നു. വെളിപാട് എന്നത് ദൈവത്തിന്റെ ചരിത്രത്തിലുള്ള സ്വയംവിരിയൽ (self unfolding of God in the history) ആണ്. അതിന്റെ സവിശേഷതകൾ ചരിത്രപരത , തുടർച്ച (continuity), പുരോഗമനസ്വഭാവം (prograssive nature) എന്നിവയാണ്. മനുഷ്യന് ഉൾക്കൊള്ളാവുന്ന തരത്തിൽ ചരിത്രത്തിൽ ക്രമാനുഗതമായി ദൈവികവെളിപാട് അരങ്ങേറുന്നു. ഭൂതകാലവെളിപാടും തുടർകാലവെളിപാടും തമ്മിൽ അനുഭവപ്പെടുന്ന വൈരുദ്ധ്യങ്ങൾ ദൈവികവെളിപാടിന്റെ പുരോഗമനസ്വഭാവത്തിന്റെയും അതുവഴി വിശ്വാസിസമൂഹത്തിന് ദൈവികബോധത്തിലുണ്ടായ പരിണാമത്തിന്റെയും അടിസ്ഥാനത്തിൽ പരിഹാരം കണ്ടെത്താൻ സാധിക്കേണ്ടതാണ്. അവയെ ധ്രുവീകരിച്ച് വിരുദ്ധവെളിപാടുകളായി അവതരിപ്പിക്കുകയല്ല ന്യായം. അതായത് ഈ പുരോഗമന (progressive) വെളിപാടിന്റെ അടിസ്ഥാനത്തിൽ തിരുവെഴുത്തിനെ അതിന്റെ സമഗ്രതയിലും ഐക്യത്തിലും കണ്ടെത്തുവാൻ സാധിക്കും. വെളിപാടിൽ നിന്ന് ഒരു ഭാഗം അടർത്തിമാറ്റി അതിനെ സ്വതന്ത്രമാക്കി ആത്യന്തവത്കരിക്കുന്ന രീതിശാസ്ത്രത്തിന് യുക്തിയും നീതീകരണവും ഇല്ല. അതുവഴി വെളിപാടിന്റെ പൂർണ്ണത (wholeness), തുടർച്ച (continuity), പാരസ്പര്യത എന്നിവ നിഷേധിക്കുകയാണ്. ഈ സമീപനം രീതിശാസ്ത്രപരമായി അസ്വീകാര്യമായി ഐറേനിയസ് കാണുന്നു.

പഴയനിയമത്തിലെ നിയമങ്ങൾ, പ്രവചനങ്ങൾ, ജ്ഞാനസൂക്തങ്ങൾ, സംഭവങ്ങൾ എന്നിവയെല്ലാം പ്രവചനസ്വഭാവം ഉള്ളവയാണ്. അതുകൊണ്ട് യാഥാർത്ഥ്യത്തിലേക്കുള്ള സൂചകങ്ങളായി ഇവയെ മനസ്സിലാക്കുമ്പോൾ അവയുടെ അന്യോന്യബന്ധം വ്യക്തമാകും . ഇവിടെയാണ് നോസ്റ്റിക്കുകൾക്ക് തിരുത്ത് ആവശ്യമായി വരുന്നത്. വെളിപാടു സംഭവിക്കുന്നത് ആകസ്മികമായും ഒറ്റപ്പെട്ടുമല്ല; കൃത്യമായ ആസൂത്രണ പ്രകാരമാണ്. അവ രക്ഷയിലേക്കുള്ള പാതയിലെ സംഭവശൃംഖലയാണ്. They are not mere facts and incidents .They are planned and directed by God to be the history of salvation (Norbert Brox , Irenaeus von Lyon , P 90). ഇത്തരത്തിലുള്ള വെളിപാടിനെ ഐറേനിയസ് 'economy of revelation' എന്നു വിളിക്കുന്നു. വെളിപാടു സംഭവങ്ങളുടെ യുക്തിയും ലക്ഷ്യവും തിരിച്ചറിയാതെ പോയതാണ് നോസ്റ്റിക്കുകളെ തെറ്റായ നിഗമനങ്ങളിൽ എത്തിച്ച് ദ്വൈതവാദികൾ (dualists) ആക്കിയത് .

ക്രിസ്തുസംഭവവും രക്ഷാപരിപാടിയും പഴയനിയമവെളിപാടിന്റെ ലക്ഷ്യവും സാക്ഷാത്കാരവും ആയിരുന്നു എന്ന് സുവിശേഷങ്ങൾ തന്നെ സാക്ഷ്യപ്പെടുത്തുന്നു. അതുകൊണ്ട് സഭയെ പഴയനിയമയിസ്രായേലിന്റെ പിന്തുടർച്ചയും യാഥാർത്ഥ്യവുമായി കാണണം. വിശ്വാസിസമൂഹത്തിനാണ് വെളിപാടും തിരുവെഴുത്തുകളും ഭരമേല്പിക്കപ്പെട്ടിരിക്കുന്നത്. ആ പശ്ചാത്തലത്തിൽ സഭയാണ് ഇവയെ വ്യാഖ്യാനിക്കേണ്ടത്. സഭയിലാണ് വ്യാഖ്യാനമാനദണ്ഡമായ സത്യവും വിശ്വാസവും സ്ഥിതിചെയ്യുന്നത്. നോസ്റ്റിക്കുകൾ തങ്ങളുടെ വാദങ്ങൾ സ്ഥാപിക്കുന്നതിനായി അവ ക്രിസ്തുവിൽ നിന്നും രഹസ്യഗുരുക്കന്മാരുടെ ശൃംഖല വഴി പ്രാപിച്ചു എന്ന വാദം ഉന്നയിച്ചു. ഇതിനു ബദലായി സഭയുടെ നിലപാടുകളുടെ ആധികാരികത സ്ഥാപിക്കുവാനായി ഐറേനിയസ് അപ്പോസ്തലന്മാരിൽ നിന്നും ആരംഭിച്ച പിന്തുടർച്ചശൃംഖലാ ലിസ്റ്റുകൾ അവതരിപ്പിച്ച് സഭയുടെ നിലപാടിനെ സാധൂകരിച്ചു. വിശ്വാസത്തിന്റെയും സത്യത്തിന്റെയും പിന്തുടർച്ച ഓരോ പ്രാദേശികസഭയിലും നിലനിന്നു വന്നിരുന്ന അദ്ധ്യക്ഷപദവികളിലൂടെയാണ് എന്ന് ഐറേനിയസ് സ്ഥാപിക്കുകയായിരുന്നു. വിശ്വാസത്തിന്റെ ആധികാരികത നിലനിൽക്കുന്നത് പിന്തുടർച്ചയുണ്ടാകുന്ന രഹസ്യഗുരുക്കന്മാരുടേതായ ചങ്ങലയിൽ നിന്നല്ല മറിച്ച്, പ്രാദേശികസഭകളിലൂടെയും അവയുടെ അദ്ധ്യക്ഷന്മാരിലൂടെയുമാണ്. അവർ തമ്മിലുള്ള അഭിപ്രായ ഐക്യമാണ് സത്യത്തിന്റെ തെളിവ്. അതുകൊണ്ട് സഭയ്ക്കുള്ളിലും പുറത്തും ഉള്ള വ്യക്തികൾ അവരുടെ രീതിയിൽ ഉയർത്തിയ ദ്വൈതചിന്തകൾക്ക് അടിസ്ഥാനമില്ല എന്ന് ഐറേനിയസ് സ്ഥാപിച്ചു.

ദൈവികവെളിപാടിന്റെ ഉദ്ദേശ്യം മനുഷ്യന്റെ രക്ഷയിലേക്കുള്ള യാത്രയിലെ അഭ്യസനം (paideia) ആണ്. അതുകൊണ്ട് വെളിപാട് എന്നത് ദൈവികഭ്യസനം ആയി (divine pedegogy) ഐറേനിയസ് മനസ്സിലാക്കി. അത് ഒന്നോടൊന്നു ബന്ധമില്ലാത്ത വെളിപ്പെടുത്തൽ അല്ല. പ്രത്യുത ക്രമാനുഗതവും പുരോഗമനപര (progressive) വുമായി ചരിത്രത്തിൽ നടക്കുന്നതാണ്. അതിന്റെ ഫലമായി ദൈവജനത്തിൽ നടക്കുന്നത് ദൈവജ്ഞാനത്തിലും രക്ഷയിലുമുള്ള പരിണാമമാണ്. ഈ ദീർഘമായ പഠനപ്രക്രിയയായി വെളിപാടിനെ കാണേണ്ടതുണ്ട്. അതുവഴി ലഭ്യമാകുന്ന പഠനവും സത്യനുഭവവും ഉൾക്കാഴ്ചയും വഴി മനുഷ്യൻ രക്ഷയുടെ പൂർണ്ണതയിലേക്കു വളരുകയാണ്. ഇതിന്റെ ചരിത്രമാണ് തിരുവെഴുത്തുകളിലെ ഇരു ഭാഗങ്ങളിലുമായി കാണുന്നത്. അതേസമയം ഈ പഠനക്രമം / വെളിപാടുചരിത്രം മുറിക്കുകയാണ് മാർക്കിയോനും നോസ്റ്റിക്കുകളും ചെയ്യുന്നത്. അതിന്റെയർത്ഥം മനുഷ്യന്റെ പഠന - രക്ഷാപ്രക്രിയയും പരിണാമചരിത്രവും മുറിച്ച് വെളിപാടുചരിത്രത്തിന് അർത്ഥം ഇല്ലാതാക്കുകയാണ്.

മാർക്കിയോൻ – നോസ്റ്റിക് ചിന്തകളിൽ സൃഷ്ടിയും രക്ഷയും വിരുദ്ധ സങ്കല്പങ്ങളാണ്. ലോകം അപൂർണ്ണവും അനീതി നിറഞ്ഞതും ഹീനവുമായ ഒന്നാണ്. അതുകൊണ്ട് സൃഷ്ടിക്ക് രക്ഷ അപ്രാപ്യമാണ്. രക്ഷ എന്നത് ഈ ലോകത്തിൽ നിന്നുള്ള വീണ്ടെടുപ്പാണ്. എന്നാൽ ഐറേനിയസിന്റെ കാഴ്ചപ്പാടിൽ രക്ഷ എന്നത് സൃഷ്ടിയിൽ തന്നെ ഗുപ്തമാണ്. അതിന്റെ പക്വതയും വളർച്ചയും ആണ് രക്ഷ. സൃഷ്ടിയും രക്ഷയും എന്നത് ആരംഭവും അന്ത്യവുമാണ്. സൃഷ്ടിയിൽ ഈ രക്ഷാ potential ഇല്ലെങ്കിൽ അതിന് രക്ഷയിലെത്താനാവില്ല. ഐറേനിയസിനെ സംബന്ധിച്ചിടത്തോളം രക്ഷ സൃഷ്ടിയുടെ പാകപ്പെടലും (maturation) പൂർത്തീകരണവും (culmination) ആണ്. ഒരു ശിശുവിന്റെ ശൈശവാവസ്ഥയിൽ നിന്നും പ്രായപൂർത്തിയിലേക്കുള്ള (adulthood) വളർച്ച പോലെയാണ് അത്. കുഞ്ഞിൽ ഗുപ്തമായ വികാസ – വളർച്ചാ സാദ്ധ്യതയില്ലെങ്കിൽ അതിന് വളർച്ചയിലെത്താനാവില്ല. ശിശുത്വത്തിന്റെ അപൂർണ്ണത (imperfection) അതിന്റെ സ്രഷ്ടാവിന്റെ കുറവായി ആരോപിക്കുന്ന ഒന്നല്ല. അത് സ്രഷ്ടാവിന്റെ ആസൂത്രണ (planning) ത്തിന്റെ വിഷയമാണ്. അതിന്റെ പൂർണ്ണതാസാദ്ധ്യത (possibility of perfection) യാണ് സ്രഷ്ടാവിന്റെ സ്വഭാവം വ്യക്തമാക്കുന്നത്. മനുഷ്യന്റെ പ്രകൃതം യലരീാശിഴ ആണ്. ഐറേനിയസ് ഇവിടെ പൗലോസിന്റെ കൊലോസ്യ-എഫേസ്യ ലേഖനങ്ങളിൽ കാണുന്ന വേദശാസ്ത്ര കാഴ്ചപ്പാടുകളോട് വിശ്വസ്തത പുലർത്തിക്കൊണ്ടാണ് തന്റെ വേദശാസ്ത്രം വികസിപ്പിക്കുന്നത്.

ദൈവത്തിന്റെ രൂപവും (eikon) പ്രതിച്ഛായയും (homoiosis) എന്നത് മനുഷ്യനു നൽകപ്പെട്ട വാഗ്ദത്തമാണ്. പൂർണ്ണതയിലല്ല മനുഷ്യൻ സൃഷ്ടിക്കപ്പെട്ടത്; പൂർണ്ണതയിലേക്കു വളരുവാനാണ്. പൂർണ്ണത സിദ്ധിക്കുന്നത് യുഗാന്ത്യത്തിലാണ്. ആ പൂർണ്ണത സാക്ഷാത്കരിച്ച മനുഷ്യാവതാരം ചെയ്ത ക്രിസ്തു അതിന്റെ സൂചനയാണ്. ക്രിസ്തുരൂപത്തിൽ മനുഷ്യൻ എത്തിച്ചേരുന്നത് യുഗാന്ത്യത്തിലെ പരിണാമസമാപ്തിയിലാണ്. അതായത് സൃഷ്ടിയുടെ പൂർണ്ണവത്കരിക്കലാണ് രക്ഷ എന്നത്. അതു സാദ്ധ്യമാകണമെങ്കിൽ സ്രഷ്ടാവും രക്ഷകനും ഒരു ദൈവം ആവുക അനിവാര്യമാണ്. അതായത് മനുഷ്യന്റെ സാദൃശ്യവും സ്വരൂപവും (image and likeness) എന്നത് മനുഷ്യന്റെ ഭാഗധേയ (destiny) മാണ്. അത് ആദിസൃഷ്ടിയുടെ വിശേഷതയല്ല; രക്ഷയുടെ അവസ്ഥയാണ്. മനുഷ്യനെ സംബന്ധിച്ച് സൃഷ്ടിയും രക്ഷയും എന്നത് ഒരു പുഴയുടെ തുടക്കവും പരിസമാപ്തിയും പോലെ ബന്ധപ്പെട്ടിരിക്കുന്നു . അതുകൊണ്ട് സൃഷ്ടിയും രക്ഷയും തമ്മിൽ വേർപിരിക്കാനാവില്ല. ശരിയായ ഒരു സൃഷ്ടിവേദശാസ്ത്രം ഇല്ലാതെ പോയ മാർക്കിയോൻ – നോസ്റ്റിക് വേദശാസ്ത്രത്തിന്റെ പിശകാണ് ഐറേനിയസ് തിരുത്തുന്നത്. ഇവിടെ സൃഷ്ടിയിൽ നിന്നു രക്ഷയിലേക്കുള്ള പരിണാമമായി രക്ഷാചരിത്രത്തെ കാണേണ്ടതുണ്ട്. മനുഷ്യവംശത്തിന്റെ പരിണാമവും വളർച്ചയും എന്നത് പൗലോസിന്റെ വേദശാസ്ത്രത്തിനുള്ള വിഷയമാണ് (കൊലോ. ch. 10, എഫേ. 2:21; 3:16; 4:15). ഇതു നയിക്കുന്നത് പ്രാപഞ്ചികവളർച്ച (cosmic growth) യിലേക്കാണ്. ദൈവസാദൃശ്യത്തിലാകാൻ സൃഷ്ടിക്കപ്പെട്ട മനുഷ്യനും സൃഷ്ടി മുഴുവനും ക്രിസ്തുവിൽ സംക്ഷിപ്തീകരിക്കപ്പെട്ട് (recapitulation) വീണ്ടെടുക്കപ്പെടുകയായിരുന്നു .

വിൽഹെം ഹേഗലി (Wilhem Hegel 1771 - 1830) ന്റെ ചിന്തയനുസരിച്ച് ചരിത്രത്തിൽ നാം ദർശിക്കുന്ന വൈരുദ്ധ്യാത്മകത (dialetics) മനസ്സിലാകുന്നത് ചരിത്രാന്ത്യത്തിൽ തെളിയുന്ന യാഥാർത്ഥ്യ ഐക്യദർശനത്തിലാണ് . വൈരുദ്ധ്യങ്ങൾ തന്നെ അന്യോന്യം വേർപ്പെടുത്താവുന്നതല്ല. അവയുടെ സമഗ്രതയിലാണ് പൂർണ്ണത (wholeness) ഹേഗൽ കണ്ടെത്തുന്നത്. ഈ ആത്യന്തിക യാഥാർത്ഥ്യ ഐക്യദർശനത്തിന്റെയടിസ്ഥാനത്തിലാണ് ചരിത്രത്തിലെ വൈരുദ്ധ്യങ്ങളെ തിരിച്ചറിയുവാനും വിലയിരുത്തുവാനും കഴിയുന്നത്. അന്ത്യാനുഭവങ്ങളിൽ നിന്നും കാലികവസ്തുതകൾ മനസ്സിലാകുന്ന teleological approach ആണ് അദ്ദേഹത്തിന്റേത്. ഈ സമീപനം നൂറ്റാണ്ടുകൾക്കു മുമ്പ് ഐറേനിയൻ വേദശാസ്ത്രത്തിൽ കണ്ടെത്താനാകും. വ്യാവഹാരിക ജീവിത നിരീക്ഷണങ്ങൾ അല്ല സത്യാന്വേഷണത്തിന്റെ ആധാരം. യുഗാന്ത്യ യാഥാർത്ഥ്യ ദർശനത്തിലെ സമഗ്രാനുഭവമാണ് സത്യാന്വേഷണത്തിന്റെ ഗതി നിയന്ത്രിക്കുന്നത് എന്നാണ് ഐറേനിയസ് ചിന്തിക്കുന്നത്. ഈ അടിസ്ഥാനത്തിലാണ് പ്രപഞ്ചാനുഭവത്തിൽ അധിഷ്ഠിതമായ നോസ്റ്റിക് ദ്വൈതവാദത്തെ ഐറേനിയസ് പ്രതിരോധിക്കുന്നത്.

പഴയനിയമവും പുതിയനിയമവും തിരുവെഴുത്ത് എന്ന നിലയിൽ എപ്രകാരം ഐക്യപ്പെട്ടിരിക്കുന്നു എന്നത് ഐറേനിയസ് വ്യക്തമാക്കുന്നു. ചരിത്രത്തിലുള്ള ദൈവികവെളിപാടും അതിന്റെ പുരോഗമനസ്വഭാവവും (prograssive nature), വെളിപാട് അഭ്യസനമാണ് എന്ന ചിന്ത, അതിന്റെ ഫലമായി സൃഷ്ടിക്കു വരുന്ന പരിണാമം, ഇവയെല്ലാം ഐറേനിയസിന്റെ വേദശാസ്ത്ര ചിന്തകളാണ്. അതുപോലെ രക്ഷ എന്നത് സൃഷ്ടിയുടെ ചരിത്രത്തിലുള്ള പരിണാമമാണ് എന്ന ചിന്തയും ശ്രദ്ധാർഹമാണ്. ജ്ഞാനദ്വൈതവാദം (Gnostic dualism) യുക്തിക്കിടമില്ലാത്ത വിധം നിലനില്പില്ലാത്തതാണ് എന്ന് അദ്ദേഹം ഉറപ്പിക്കുന്നു. സൃഷ്ടിയെയും സ്രഷ്ടാവിനെയും പഴയനിയമവെളിപാടിനെയും പുതിയനിയമവെളിപാടിന്റെ പശ്ചാത്തലത്തിൽ മനസ്സിലാക്കി അവയുടെ പാരസ്പര്യതയും ഐക്യവും ഐറേനിയസ് സ്ഥാപിക്കുന്നു

(തുടരും)



റ്റി. എം സക്കറിയ കോറെപ്പിസ്കോപ്പാ ന്യൂയോർക്കിൽ നിര്യാതനായി

ന്യൂയോർക്ക്: അമേരിക്കൻ ഭദ്രാസനത്തിലെ സീനിയർ വൈദീകനും, ന്യൂയോർക്ക് ജാക്സൺ ഹൈറ്റ്സ് സെന്റ് ഗ്രീഗോറിയോസ് വെസ്റ്റ് സേവിസ് സെന്റ് മേരീസ് ഓർത്തഡോക്സ് ഇടവകകളുടെ സ്ഥാപക വികാരിയും, ചെങ്ങന്നൂർ ഇടനാട് സെന്റ് മേരീസ് ഇടവകാംഗവുമായ റ്റി. എം സക്കറിയ കോഖപ്പിസ്കോപ്പാ മെയ് 13-ന് ന്യൂയോർക്കിൽ അന്തരിച്ചു.

കബറടക്ക ശുശ്രൂഷകളുടെ ആദ്യ ക്രമങ്ങളും പൊതുദർശനവും ന്യൂ യോർക്ക് ലെവിറ്റ് ടൗൺ സെന്റ് തോമസ് ഓർത്തഡോക്സ് ദേവാലയത്തിൽ മെയ് 19 ഞായറാഴ്ച വൈകിട്ട് 4 മണി മുതൽ നടക്കും. തുർന്നുള്ള ശുശ്രൂഷകൾ മെയ് 20 തിങ്കളാഴ്ച രാവിലെ 8.30 മുതൽ 11 മണിവരെയും തുടർന്ന് കബറടക്കം 12 മണിക്ക് ഫോമിംഗ് ഡെയ്ൽ ചാൽസ് സെമിത്തേരിയിൽ നടക്കും. ശുശ്രൂഷകൾക്ക് നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന മെത്രാപ്പോലീത്ത സഖറിയ മാർ നിക്കോളാവോസ്, കുന്നംകുളം ഭദ്രാസന മെത്രാപ്പോലീത്ത ഡോ. ഗീവർഗീസ് മാർ യൂലിയോസ്, സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസന മെത്രാപ്പോലീത്താ ഡോ. തോമസ് മാർ ഈവാനിയോസ് എന്നിവരുടെ പ്രധാന കാർമ്മികത്വത്തിൽ നടക്കും.



വി. ദൈവമാതാവിന്റെ നാമത്തിൽ കതിരുകളെ പ്രതിയുള്ള ഓർമ്മ പ്പെരുന്നാളിന്റെയും, വിശുദ്ധ ഗീവർഗീയ സഹദായുടെയും, മാർ ഇഗ്നാത്യോസ് നൂറോനോയുടെയും, 40 സഹദേന്മാരിൽ ഒരുവനായ മാർ യൂഹാനോന്റെ സംയുക്ത ഓർമ്മപെരുന്നാളിന് തുടക്കം കുറിച്ചുകൊണ്ട് ആലുവ തൃക്കുന്നത്ത് സെമിനാരിയിൽ യൂഹാനോൻ മാർ പോളിക്കർപ്പോസ് കൊടിയേറ്റി.


സഭാചരിത്രം



മലമടക്കിലെ കെടാവിളക്ക്

ഫാ. കുറിയാക്കോസ് ഒ.ഐ.സി.

മലങ്കര ഓർത്തഡോക്സ് സഭയിലെ പ്രഥമ സന്യാസ സമൂഹമായ റാന്നി–പെരുനാട് ബഥനി ആശ്രമത്തിന്റെ ചരിത്രം ആശ്രമാംഗമായിരുന്ന ഫാ. കുറിയാക്കോസ് ഒ.ഐ.സി. രചിച്ച് പ്രശസ്ത പത്രപ്രവർത്തകനായ കെ. വി. മാമ്മൻ എഡിറ്റ് ചെയ്ത് 1994–ൽ ബഥനി ആശ്രമം പ്രസിദ്ധീകരിച്ചിരുന്നു. സമകാലിക ചരിത്രരേഖകൾ കൂട്ടിച്ചേർത്തുകൊണ്ടുള്ള ആ ഗ്രന്ഥത്തിന്റെ പരിഷ്ക്കരിച്ച രൂപം സത്യാന്വേഷികൾക്കായി പ്രസിദ്ധീകരിക്കുന്നു.



10

ഇംഗ്ലണ്ടു യാത്രയും അനന്തര സംഭവവികാസങ്ങളും

ആംഗ്ലിക്കൻ സഭയിലെ സുപ്രസിദ്ധമായ ഓക്സ്ഫഡ് മൂവ്മെന്റിന്റെ 1932 –ലെ ശതാബ്ദി ആഘോഷങ്ങളിൽ മലങ്കരസഭയെ പ്രതിനിധാനം ചെയ്യാൻ ക്ഷണിക്കപ്പെട്ടത് അന്നത്തെ ബഥനി ആശ്രമം സുപ്പീരിയർ ഫാ. അലക്സിയോസും ആലുവ യു.സി. കോളജ് പ്രിൻസിപ്പൽ എ.എം. വർക്കിയുമായിരുന്നു. സമ്മേളനം കഴിഞ്ഞ് ഫാ. അലക്സിയോസ് ആംഗ്ലിക്കൻ സഭയിലെ കൗളി സന്യാസാശ്രമത്തിലും (ഓക്സ്ഫഡ്) മിർഫീൽഡ് സന്യാസാശ്രമത്തിലും (യോർക്ക്) കുറെ മാസങ്ങൾ താമസിച്ചു.

എ. എം. വർക്കി പ്രസ്തുത സമ്മേളനത്തിനു ശേഷം ഇംഗ്ലണ്ടിലെ വിവിധ സർവകലാശാലകളിൽ ഷേക്സ്പിയർ സാഹിത്യത്തെക്കുറിച്ച് പ്രസംഗപരമ്പര നടത്തി ഇംഗ്ലീഷുകാരുടെ മദ്ധ്യത്തിൽ പ്രഖ്യാതനായിത്തീർന്നു. എഡിൻബറോ യൂണിവേഴ്സിറ്റിയിലെ പ്രസംഗം കഴിഞ്ഞപ്പോൾ വൃദ്ധനായ ഒരു ധ്വര, വർക്കിയുമായി സ്വയം പരിചയപ്പെട്ടു. സർ ഡാനി ഹാമിൽട്ടൻ എന്നായിരുന്നു അദ്ദേഹത്തിന്റെ പേര്. മുമ്പ് അദ്ദേഹം കൽക്കട്ടയിൽ ജോലി ചെയ്തിട്ടുണ്ട്. അന്നദ്ദേഹം ഫാ. പി. റ്റി. ഗീവർഗീസുമായി പരിചയപ്പെട്ടു. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ആദ്ധ്യാത്മിക പുരോഗതിക്കുവേണ്ടി ഫാ. പി. റ്റി. ഗീവർഗീസിന്റെ നേതൃത്വത്തിൽ ഒരു സന്യാസസമൂഹം സ്ഥാപിക്കാൻ പോകുന്നതായും അതിനു കുറെ സ്ഥലം സമ്പാദിച്ചിട്ടുള്ളതായും അദ്ദേഹം മനസ്സിലാക്കി. ആ സ്ഥലം നന്നാക്കിയെടുക്കാൻ അതിന്റെ ഈടിന്മേൽ ഏഴായിരം രൂപ രണ്ടു ശതമാനം പലിശയ്ക്കു താൻ നൽകിയിട്ടുണ്ടെന്നും ഇപ്പോൾ ആ സന്യാസസമൂഹം എങ്ങനെയിരിക്കുന്നു എന്നും വർക്കിയോട് ഹാമിൽട്ടൻ ധ്വര ചോദിച്ചു. ഫാ. പി. റ്റി. ഗീവർഗീസിന്റെയും ഫാ. അലക്സിയോസിന്റെയും നേതൃത്വത്തിൽ ഒരു സന്യാസാശ്രമം സ്ഥാപിക്കപ്പെട്ടു എന്നും ഫാ. പി. റ്റി. ഗീവർഗീസ് മലങ്കരസഭയിലെ ഒരു മെത്രാനായിത്തീർന്നു എന്നും 1930–ൽ അദ്ദേഹവും കുറെ അനുയായികളും ആശ്രമവും മലങ്കരസഭയും ഉപേക്ഷിച്ച് റോമൻ കത്തോലിക്കാസഭയിൽ ചേർന്നു എന്നും മറ്റും മറ്റും വർക്കിയിൽ നിന്നു കേട്ടപ്പോൾ സർ ഹാമിൽട്ടൻ സ്തംഭിച്ചുപോയി. ഫാ. അലക്സിയോസും കുറെ അനുയായികളും ഓർത്തഡോക്സ് സഭയിൽ ഉറച്ചു നിൽക്കുന്നു എന്നും ഫാ. അലക്സിയോസ് ഇപ്പോൾ ഓക്സ്ഫഡിലെ 'കൗളി' സന്യാസാശ്രമത്തിൽ താമസിക്കുന്നുണ്ടെന്നും വർക്കിയിൽ നിന്ന് അദ്ദേഹം അറിഞ്ഞു. കുറെ ദിവസങ്ങൾക്കകം ഈ ധ്വര ഓക്സ്ഫഡിൽ പോയി ഫാ. അലക്സിയോസുമായി പരിചയപ്പെട്ടു. സംഭവ വികാസങ്ങളെല്ലാം ഫാ. അലക്സിയോസിൽ നിന്ന് ഹാമിൽട്ടൻ വിശദമായി മനസ്സിലാക്കി. ഹാമിൽട്ടനും ഫാ. ഗീവർഗീസും തമ്മിലുള്ള പണമിടപാട് ഫാ. അലക്സിയോസ് അറിഞ്ഞിരുന്നതേയില്ല. ഏതായാലും

ഹാമിൽട്ടൻ തന്റെ കൈവശമുണ്ടായിരുന്ന ഏഴായിരം രൂപയുടെ പണയാധാരം ഫാ. അലക്സിയോസിന് കൈമാറ്റം ചെയ്തു. 1933-ൽ ഫാ. അലക്സിയോസ് നാട്ടിൽ തിരിച്ചെത്തി. ഈ പണയാധാരക്കാര്യം വട്ടശ്ശേരിൽ തിരുമേനിയോടും ഇ. ജെ. ജോൺ വക്കീലിനോടും കെ. സി. മാമ്മൻ മാപ്പിളയോടും മാത്രമേ പറഞ്ഞിരുന്നുള്ളു താനും.

1933-ൽ 100 തേങ്ങയ്ക്ക് ഒന്നേകാൽ രൂപ വിലയേയുള്ളു. എന്നാൽ തേങ്ങയ്ക്ക് കുറേശ്ശെ വില കൂടാൻ തുടങ്ങിയ സമയത്ത് ബഥനി വസ്തുക്കളിൽ നിന്ന് മുമ്പത്തേക്കാൾ കൂടുതൽ ആദായം കിട്ടിത്തുടങ്ങി. ബഥനി ആശ്രമവും സ്വത്തുക്കളും സ്വമേധയാ ഉപേക്ഷിച്ച് വെറുംകൈയോടെ റോമൻ കത്തോലിക്കാ സഭയിൽ ആർച്ച് ബിഷപ്പ് ചേർന്നു എന്നു പരസ്യമായി പ്രസംഗിക്കുകയും പ്രചരിപ്പിക്കുകയും ചെയ്ത റീത്തുപ്രസ്ഥാനക്കാർ, മാർ ഈവാനിയോസിന്റെ സഹോദരൻ മത്തായി പണിക്കരുടെ നേതൃത്വത്തിൽ, 1930-ൽ ഓർത്തഡോക്സ് സഭയിലെ ബഥനി ആശ്രമത്തിന്റെ ഉടമസ്ഥതയിലും കൈവശത്തിലും ഇരുന്നതായ ബഥനി വസ്തുക്കൾ ബലമായി കൈയേറാനുള്ള ശ്രമം തുടങ്ങി. രംഗം വഷളായതോടെ തദ്ദേശവാസികളായ ഓർത്തഡോക്സുകാരും മാർത്തോമ്മാക്കാരും ഹൈന്ദവരും മറ്റും കൂറുമാറ്റക്കാരെ പ്രോത്സാഹിപ്പിക്കാതിരിക്കാൻ തക്കവണ്ണം ഫാ. അലക്സിയോസിന്റെ അദ്ധ്യക്ഷതയിലുള്ള ബഥനിയാശ്രമത്തിന് തുണയേകി. വിദൂരതയിൽ നിന്ന് റൗഡികളെ കൊണ്ടുവന്ന് എന്തെല്ലാം നാശനഷ്ടങ്ങൾ റീത്തുപ്രസ്ഥാനക്കാർ ചെയ്തു! രാഷ്ട്രീയമായി തിരുവനന്തപുരത്തു ദിവാൻ സർ സി. പി. രാമസ്വാമി അയ്യരുടെ അടുക്കലുള്ള സ്വാധീനം മാർ ഈവാനിയോസിനു പ്രയോജകീഭവിച്ചു. ബഥനിയുടെ സ്വത്തുക്കളെല്ലാം ഒടുവിൽ ചെങ്ങന്നൂർ മജിസ്ട്രേട്ട്, റിസീവർ അധീനതയിൽ ആക്കി. വസ്തു ആദായം നഷ്ടപ്പെട്ട ബഥനിയാശ്രമസ്ഥരെ ശ്വാസംമുട്ടിക്കാനുള്ള പദ്ധതി ആയിരുന്നു അത്. ഫാ. അലക്സിയോസ് ആദ്യമായിട്ടാണ് ഒരു കേസിൽ കക്ഷിയാകുന്നത്. അദ്ദേഹത്തിന്റെ മനഃപ്രയാസം എത്രമാത്രമായിരുന്നുവെന്ന് ഊഹിക്കാവുന്നതേയുള്ളു.

സമുദായ പ്രമുഖരായ കെ. സി. മാമ്മൻ മാപ്പിള, ഇലഞ്ഞിക്കൽ ഇ. ജെ. ഫീലിപ്പോസ് വക്കീൽ, ചാലക്കുഴി സി. പി. മാത്തൻ മുതലായവരുടെ പ്രേരണയനുസരിച്ച്, ഓർത്തഡോക്സ് സഭയ്ക്ക് പൊതുവെയും സഭയിലെ ബഥനിയാശ്രമത്തിനു പ്രത്യേകമായും, മാർ ഈവാനിയോസിൽ നിന്നുണ്ടായിക്കൊണ്ടിരിക്കുന്ന ഉപദ്രവങ്ങളെ യഥാവിധി വിവരിച്ചും, തങ്ങളെ സ്വതന്ത്രരാക്കി വിടാൻ മാർ ഈവാനിയോസിനെ പ്രേരിപ്പിക്കണമെന്നപേക്ഷിച്ചും, ഫാ. അലക്സിയോസ് 1934 ജൂലൈ മാസത്തിൽ ബാംഗ്ലൂരിൽ പോയി പേപ്പൽ ഡലിഗേറ്റ് അപ്പസ്തോലിക്കിനെ കണ്ട് ഒരു മെമ്മോറാണ്ടം സമർപ്പിച്ചു.

അതുവരെ യാതൊരുവിധ മദ്ധ്യസ്ഥ ആലോചനയ്ക്കും വഴിപ്പെടാതെ മർക്കടമുഷ്ടി അവലംബിച്ചിരുന്ന മാർ ഈവാനിയോസ്, അധികം താമസിയാതെ പ്രശ്നങ്ങളിൽ രാജിയാകാൻ സൗമനസ്യം കാട്ടി. കോട്ടയത്ത് തെള്ളിയിൽ റ്റി. ജെ. മാത്യു വക്കീലും (അസ്സൽ റോമൻ കത്തോലിക്കൻ) കെ. സി. മാമ്മൻമാപ്പിളയുമാണ്, മദ്ധ്യസ്ഥന്മാരായി രംഗത്തു വന്നത്. ആർച്ച് ബിഷപ്പിനെ പ്രതിനിധാനം ചെയ്ത സഹോദരൻ മത്തായി പണിക്കരും ബഥനിയാശ്രമത്തെ പ്രതിനിധാനം ചെയ്ത ഫാ. അലക്സിയോസും ഈ ചർച്ചകളിൽ സംബന്ധിച്ചു. ഫാ. പി. റ്റി. ഗീവർഗീസ് കൽക്കട്ടയിലായിരുന്ന കാലത്ത് അദ്ദേഹത്തിന്റെ പേരിലുള്ള പെരുനാട് വസ്തുക്കൾ ഈടുവച്ച് സർ ഡാനിയൽ ഹാമിൽട്ടനിൽ നിന്ന് ഏഴായിരം രൂപ, പലിശയ്ക്ക് കടം വാങ്ങിയിട്ടുണ്ടെന്നും, ഇലഞ്ഞിക്കൽ ജോൺ വക്കീൽ ദാനം ചെയ്ത നൂറ് ഏക്കർ ചേർക്കാതെ ഫാ. പി. റ്റി. ഗീവർഗീസ് സ്വന്തം പേരിൽ പെരുനാട്ടിൽ ബാക്കിയുള്ള സ്ഥലങ്ങൾ 1930-ൽ ബഥനി ധർമ്മസ്ഥാപന ട്രസ്റ്റാക്കിയിട്ടുണ്ടെന്നും, ഈ ധർമ്മസ്ഥാപനത്തിന്റെ ട്രസ്റ്റികൾ ചങ്ങനാശേരിക്കാരൻ ചാക്കോ വക്കീലിനോട് അയ്യായിരം രൂപയും, തിരുവല്ല തിരുമൂലപുരം ബഥനി മഠത്തിലെ സിസ്റ്റർ ശൈനോയോട് ഏഴായിരം രൂപയും ഒൻപത് ശതമാനം പലിശയ്ക്ക് കടം വാങ്ങിയിട്ടുണ്ടെന്നും, ഈ ബാദ്ധ്യതകൾ ഫാ. അലക്സിയോസ് ഏൽക്കുകയാണെങ്കിൽ തർക്ക വസ്തുക്കളെല്ലം തിരികെ ഏല്പിക്കാമെന്നും മദ്ധ്യസ്ഥന്മാരോട് മത്തായി പണിക്കർ പറഞ്ഞു.

ഫാ. അലക്സിയോസിന് സർ ഡാനിയേൽ ഹാമിൽട്ടന്റെ കടപ്പത്രം കൈമാറ്റം ലഭിച്ച കാര്യം മുമ്പു സൂചിപ്പിച്ചിട്ടുണ്ടല്ലോ. എന്നാൽ ചങ്ങനാശേരിക്കാരൻ ചാക്കോ വക്കീലിന്റെയും സിസ്റ്റർ ശൈനോയുടെയും കടബാധ്യത ഏറ്റെടുക്കാൻ ഫാ. അലക്സിയോസിന് എന്താണ് മാർഗ്ഗം? ഒരു മാർഗ്ഗവുമില്ല. പെരുനാട് ബഥനി സത്രത്തിൽ വെച്ച് മാർ ഈവാനിയോസ് റോമൻ കത്തോലിക്കാ സഭയിൽ ചേരുന്നതിന് തൊട്ടുമുമ്പ് മലങ്കര സുറിയാനി സഭാദ്ധ്യക്ഷന്റെ അനുമതി കൂടാതെയാണ് ബഥനി ധർമ്മസ്ഥാപന ട്രസ്റ്റ് രൂപവൽക്കരിച്ചതെന്നും ബഥനിക്കു ധനസഹായം ചെയ്തിട്ടുള്ള മഹാനുഭാവന്മാരായ പലരെയും അറിയിക്കാതെ 'ധർമ്മസ്ഥാപന ട്രസ്റ്റ്' ഉണ്ടാക്കിയത് കൃത്രിമമായിരുന്നുവെന്നും താൻ ഉടനെ റോമൻ കത്തോലിക്കാസഭയിൽ ചേരാൻ പോകുന്നുയെന്നും മാർ ഈവാനിയോസ് ആ യോഗത്തിൽ പ്രസ്താവിച്ചിരുന്നു എന്നും (ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് - ജീവചരിത്രം - വാല്യം 1, പേജ് 364 മുതൽ ഇക്കാര്യം വെളിപ്പെടുത്തുന്നുണ്ട്) ധർമ്മസ്ഥാപനത്തിന്റെ ട്രസ്റ്റികൾ ഈ സ്വത്തുക്കൾ ഈടുവച്ച് എന്തെല്ലാം കടബാദ്ധ്യതകൾ ഉണ്ടാക്കിയാലും അത് ഏറ്റെടുക്കുവാൻ മലങ്കര സുറിയാനി സഭയ്ക്ക് അവകാശവും കഴിവുമില്ലെന്നും സിസ്റ്റർ ശൈനോയ്ക്ക് ഏഴായിരം രൂപ കടമുണ്ടെന്നു പറയുന്നത് കൃത്രിമമാണെന്നും സിസ്റ്റർ ശൈനോയ്ക്ക് കുടുംബത്തിൽ നിന്നും പത്രമേനിയായി ലഭിച്ചത് കേവലം എഴുന്നൂറ്റമ്പത് രൂപ മാത്രമാണെന്നും ആ തുകയും ബഥനി മഠത്തിന്റെ പൊതുമുതലിൽ കൂട്ടിച്ചേർക്കയല്ലാതെ സ്വതന്ത്രമായി കൈവശം വയ്ക്കുവാൻ അവകാശമില്ലെന്നും ഫാ. അലക്സിയോസ് പ്രസ്താവിച്ചു.

ഏതായാലും മദ്ധ്യസ്ഥനായ റ്റി. ജെ. മാത്യു വക്കീൽ സംഗതികളുടെ നിജസ്ഥിതി മനസ്സിലാക്കി ഇക്കാര്യം എങ്ങനെയും രമ്യമായിത്തീർക്കണമെന്നു വന്നപ്പോൾ ചാക്കോ വക്കീലിന്റെ കടം താൻ തന്നെ ഏറ്റ് തീർത്തുകൊള്ളാമെന്നും, സിസ്റ്റർ ശൈനോയുടെ കടം എങ്ങനെയെങ്കിലും മാർ ഈവാനിയോസ് വഹിക്കണമെന്നും മദ്ധ്യസ്ഥന്മാരിൽ ഒരാളായ തെള്ളി വക്കീൽ പ്രസ്താവിച്ചു. സാത്വികനായ തെള്ളി വക്കീലിനെ എതിർക്കാൻ മത്തായി പണിക്കർക്ക് ധൈര്യം ഇല്ലായിരുന്നത്രെ.

ഈ മദ്ധ്യസ്ഥ ശ്രമങ്ങളിൽ കോൺഗ്രസ് നേതാവും പാർലമെന്റ് അംഗവുമായ ജോർജ്ജ് തോമസ് കൊട്ടുകാപ്പള്ളിയുമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ജീവചരിത്രത്തിൽ ഇങ്ങനെ കാണുന്നു: "കേരളത്തിലെ ഓർത്തഡോക്സ് ... സഭയിൽ നിന്നും പിരിഞ്ഞു ... കത്തോലിക്കാസഭയിലേക്കുള്ള മാർ ഈവാനിയോസിന്റെ കാൽവയ്പ് - ഓർത്തഡോക്സ് സഭയുടെ ഭാഗ്യപാരിജാതമായിട്ടാണല്ലോ പ്രസ്തുത സഭാംഗങ്ങൾ അദ്ദേഹത്തെ കരുതിവന്നത് - മാമ്മൻ മാപ്പിളയെപ്പോലുള്ള സഭാപ്രേമികൾക്കു അരോചകമാവുക സ്വാഭാവികമാണല്ലോ. തൽഫലമായി ആത്മസുഹൃത്തുക്കളായിരുന്നുവെങ്കിലും, ഇരുവരുടേയും മധ്യേ ഒരിക്കലും നികത്താനാവാത്ത ഒരു വിടവ് കൊല്ലങ്ങളായി നിലനിന്നു വരികയായിരുന്നു. വിശാലഹൃദയനായ ശ്രീ മാമ്മൻ മാപ്പിളയ്ക്ക് ഇപ്രകാരം വന്നുകൂടാത്തതുമാണു. എങ്കിലും മാർ ഈവാനിയോസിന്റെ സ്വന്തം സഭാനിരാസം, വെള്ളിടിയെന്നവണ്ണം മാമ്മൻ മാപ്പിളയ്ക്കും മറ്റും അതി തീവ്രമായ മനോവ്യഥയ്ക്കു കാരണമായിത്തീർന്നു. അവരിരുവരും തമ്മിൽ വളരെക്കാലത്തേക്കു കൂടിക്കാണാൻ പോലും ഇടവന്നില്ല.

ഓർത്തഡോക്സ് സഭ വക സ്കൂളുകളെ സംബന്ധിച്ചുണ്ടായ കേസ് വലിയ ഒരു കീറാമുട്ടിയായിരുന്നു. ഇരുകൂട്ടർക്കും സ്വീകാര്യമായവിധം അത് പര്യവസാനിപ്പിക്കാൻ മറ്റു ചില മാന്യന്മാരോടൊപ്പം, കൊട്ടുകാപ്പള്ളിയും തന്റേതായ പങ്കു വഹിക്കുകയുണ്ടായി. 1949 ആഗസ്റ്റ് 1-ാം തീയതി ശ്രീ മാമ്മൻ മാപ്പിള അയച്ച സുദീർഘമായ കത്തിൽ കേസ് രമ്യമായി പര്യവസാനിപ്പിക്കാൻ കൊട്ടുകാപ്പള്ളിയുടെ സഹായം അഭ്യർത്ഥിച്ചിരുന്നു.

കർദ്ദിനാൾ ന്യൂമാൻ ആംഗ്ലിക്കൻ സഭ വിട്ടപ്പോൾ ആ സഭയിൽ നിന്നും തനിക്കു ലഭിച്ചിരുന്നവ സർവ്വതും വിട്ടുകൊടുത്ത കാര്യം കൊട്ടുകാപ്പള്ളി ഒരു നലംതികഞ്ഞ ചരിത്രപണ്ഡിതനെന്ന നിലയിൽ മാർ ഈവാനിയോസിനെ ഓർമ്മിപ്പിച്ചു. കൊട്ടുകാപ്പള്ളിയുടെ ന്യായവാദം മഹാനായ ഈവാനിയോസിനു സ്വീകരിക്കാതിരിക്കാൻ നിർവ്വാഹമില്ലാതെ വന്നു" (*കൊട്ടുകാപ്പള്ളി*, ജോർജ് ആലയ്ക്കപ്പള്ളി, പേജ് 339-340).

അങ്ങനെ 1935-ൽ കേസുകളെല്ലാം രാജിയായി. ബഥനി ട്രസ്റ്റികൾ ചെങ്ങന്നൂർ കോടതിയിൽ രാജി ഹർജി കൊടുത്തു. കേസുകളെല്ലാം പിൻവലിച്ചു. അന്നത്തെ ബഥനി ധർമ്മസ്ഥാപനട്രസ്റ്റികൾ (അതിലൊരാൾ മത്തായി പണിക്കരാണ്) മലങ്കര സുറിയാനി സഭയിലെ ബഥനി സ്ഥാപനങ്ങൾ പേരിൽകൂട്ടികരം തീർത്ത് തർക്കമില്ലാതെ കൈവശപ്പെടുത്തുവാനായി മദ്ധ്യസ്ഥ തീരുമാനമനുസരിച്ച് ഫാ. അലക്സിയോസിന്റെ പേരിൽ എഴുതിക്കൊടുത്തു.

തിരുവല്ല, വെണ്ണിക്കുളം, വടശ്ശേരിക്കര, മല്ലപ്പള്ളി മുതലായ സ്ഥലങ്ങളിലുമുള്ള ബഥനിപ്പള്ളികൾ അതതു സ്ഥലത്തെ ഓർത്തഡോക്സ് സഭാംഗങ്ങൾക്കും ലഭിച്ചു.

11

കുന്നംകുളം ബഥനി ആശ്രമ ബ്രാഞ്ച്

തിരുവിതാംകൂറിൽ മേൽപറഞ്ഞ പ്രശ്നങ്ങൾ തീരുന്നതിനു മുമ്പ് കുന്നംകുളം സ്വദേശിയും, പ്രമുഖ റീത്തു പ്രസ്ഥാനനേതാവും സാഹിത്യകാരനുമായ പുലിക്കോട്ടിൽ ജോസഫ് റമ്പാന്റെ നേതൃത്വത്തിൽ തൃശൂർ-കുന്നംകുളം മെയിൻ റോഡരികിലുള്ള കുന്നംകുളം ബഥനി വസ്തുക്കൾ റീത്തുപ്രസ്ഥാനക്കാർ ബലമായി കൈയേറാൻ ശ്രമിച്ചു. റീത്തിൽ ചേരാൻ കുന്നംകുളം നസ്രാണികൾ തയ്യാറാകാഞ്ഞതിനാൽ ചുറ്റുപാടുമുള്ള റോമൻ കത്തോലിക്കരാണ് ഇതിനു മുൻകൈയെടുത്തത്. അന്നത്തെ പോലീസ് ഇൻസ്പെക്ടർ, തഹസീൽദാർ, ഗവൺമെന്റ് ഡോക്ടർ മുതലായ ഉദ്യോഗസ്ഥന്മാർ റോമൻ കത്തോലിക്കരായിരുന്നു. സ്ഥലത്തെ ഓർത്തഡോക്സ് വിശ്വാസികൾ ഈ ആക്രമണത്തെ സധൈര്യം നേരിട്ടു. കുന്നംകുളം എം.എൽ.സി. സി. വി. ഇയ്യു ആണ് ഇതിനു നേതൃത്വം നൽകിയത്. അന്നു 16 വയസ്സു മാത്രം പ്രായമുണ്ടായിരുന്ന പരേതനായ പ്രൊഫ. കെ. വി. ചാക്കോ കുന്നംകുളത്തു നിന്ന് പെരുനാട്ടിൽ വന്ന് ഫാ. അലക്സിയോസിനെ വിവരം അറിയിച്ചു. വേണ്ട യാത്രാസൗകര്യം ഇല്ലാതിരുന്ന അക്കാലത്ത് ഫാ. അലക്സിയോസിനോടൊന്നിച്ച് കുന്നംകുളത്ത് മടങ്ങിയെത്തുവാൻ കെ. വി. ചാക്കോ ഒരാഴ്ച എടുത്തു. ഇതിനകം സി. വി. ഇയ്യു അന്നത്തെ കൊച്ചി ദിവാനായിരുന്ന സർ ജോർജ് ബോഗുമായി സമ്പർക്കം പുലർത്തി. ഇരുവിഭാഗക്കാരെയും വിവരം അറിയിച്ചശേഷം ദിവാൻ കുന്നംകുളത്തെ തർക്കസ്ഥലത്ത് എത്തി. അപ്പോസ്തോലിക് ഡലിഗറ്റിനു കൊടുത്ത മെമ്മോറാണ്ടത്തിന്റെ പകർപ്പിനോടൊന്നിച്ച് ഒരു പരാതിയും ദിവാന് ഫാ. അലക്സിയോസ് സമർപ്പിച്ചു. എതിർകക്ഷികളും ദിവാന് പരാതി നൽകി. കുന്നംകുളത്ത് ബഥനിക്ക് വസ്തുക്കൾ സമ്പാദിക്കുന്നതിന് ഓർത്തഡോക്സ് നസ്രാണികൾ ഫാ. പി. റ്റി. ഗീവർഗീസിന് സംഭാവന ചെയ്തത് സംബന്ധിച്ച് ബഥനി ആശ്രമം സുപ്പീരിയർ ഫാ. പി. റ്റി. ഗീവർഗീസ് ഒപ്പിട്ട ചില രസീതുകൾ ദിവാന്റെ മുമ്പിൽ സി. വി. ഇയ്യു ഹാജരാക്കി. ദിവാൻ പരസ്യമായി വിചാരണ നടത്തി. പലരുടെയും സാക്ഷിമൊഴികളും രേഖപ്പെടുത്തി. ഒടുവിൽ ഫാ. അലക്സിയോസിന്റെ നിവേദനം മുഴുവൻ അംഗീകരിച്ചുകൊണ്ട് എതിർകക്ഷികൾ മേലിൽ സ്ഥലത്തു പ്രവേശിക്കരുതെന്നു പറഞ്ഞു ദിവാൻ ഉത്തരവ് നൽകി. അങ്ങനെ കുന്നംകുളം പ്രശ്നം തീർന്നു.

തുടർന്ന് ചെങ്ങന്നൂർ സ്വദേശി വാഴാംവേലിൽ യൗസേഫ് ഉപദേശിയെ കുന്നംകുളം ബഥനി സ്ഥലത്തു താമസിപ്പിക്കുകയും ബഥനിയുടേതായ മിഷനറി പ്രവർത്തനങ്ങൾക്ക് ഫാ. അലക്സിയോസ് അദ്ദേഹത്തെ ചുമതലപ്പെടുത്തുകയും ചെയ്തു. ഈ ഉപദേശിയാണ് പിൽക്കാലത്ത് കുന്നംകുളത്തു പ്ലേഗുബാധയുണ്ടായപ്പോൾ പരമസാത്വികനായ പാമ്പാടി തിരുമേനിയുടെ കൂടെ, കുന്നംകുളത്തെ വീടുകൾ കയറിയിറങ്ങി, പ്രാർത്ഥനകളിൽ സഹകരിക്കുകയും ശുശ്രൂഷകൾ നടത്തുകയും ചെയ്തത്. 1950-ൽ യൗസേഫ് ഉപദേശി മരിച്ചു. വളരെ സമുചിതമായ ഒരു സംസ്കാരമാണ് അദ്ദേഹത്തിന് ലഭിച്ചത്. ഇന്നത്തെ തലമുറ യൗസേഫ് ഉപദേശിയുടെ സേവനങ്ങളെ ബഹുമാനപുരസ്സരം സ്മരിക്കുന്നുണ്ട്.

ബഥനി ആശ്രമം എഡ്യൂക്കേഷൻ ഏജൻസിയുടെ മാനേജുമെന്റിൽ 1965-ൽ കുന്നംകുളം ബഥനി ആശ്രമസ്ഥലത്ത് ഒരു സ്വാശ്രയ ഇംഗ്ലീഷ് മീഡിയം യു. പി. സ്കൂൾ ആരംഭിച്ചു. ഇതു സെന്റ് ജോൺസ് ഹൈസ്കൂളാകുന്ന ഘട്ടം ആയപ്പോൾ ഗവണ്മെന്റ് മാറിമാറി വന്നതിനാൽ 1971 വരെ ഹൈസ്ക്കൂളാക്കാൻ സാധിച്ചില്ല. അന്നത്തെ വിദ്യാഭ്യാസ മന്ത്രി സി. എച്ച്. മുഹമ്മദ് കോയ പ്രത്യേകം താൽപര്യമെടുത്ത് എട്ടും ഒൻപതും ക്ലാസ്സുകൾ ഒന്നിച്ച് അനുവദിച്ചു. 1968 മുതൽ 72 വരെ ഹൈസ്കൂളായി ഉയർത്തുന്ന വിഷയത്തിൽ മാനേജുമെന്റിനേക്കാൾ കൂടുതൽ ബുദ്ധിമുട്ടിയിട്ടുള്ളത് പരേതരായ പി. എസ്. മേനോൻ, കാക്കശേരിൽ ഇട്ടൂപ്പ്, സ്കൂളിന്റെ അയൽവാസി ഗോപിനാഥൻനായർ, പെരിങ്ങോട് പി. എസ്. നമ്പ്യാർ, കോക്കൂർ ഹൈഹാജി മുതലായ മാന്യന്മാരാണെന്നുള്ളത് പ്രത്യേകം നന്ദിപൂർവ്വം പ്രസ്താവിക്കുന്നു. 1972-ൽ വിദ്യാഭ്യാസമന്ത്രി പുതിയ മൂന്നു നില കെട്ടിടത്തിന് അടിസ്ഥാനക്കല്ലിട്ടു. 1976-ൽ മന്ത്രിയായിരുന്ന ജോൺ ജേക്കബ് ഇലഞ്ഞിക്കൽ സ്കൂൾകെട്ടിടം ഉദ്ഘാടനവും ചെയ്തു.

സ്കൂൾ ബിൽഡിംഗ് പദ്ധതി പൂർത്തിയാക്കിയതിനുശേഷമാണ് കുന്നംകുളം ബഥനി മഠവും ബോർഡിംഗും പണിതത്. കേരളത്തിൽ ഇന്നുള്ളതിൽവച്ച് ഏറ്റവും ആധുനികമായ സൗകര്യങ്ങളോടെ നൂറ് ആൺകുട്ടികളെ താമസിപ്പിക്കത്തക്കവിധത്തിൽ മാർ തേവോദോസിയോസ് മെത്രാപ്പോലീത്തായുടെ സ്മരണയ്ക്കായി ഒരു ഹോസ്റ്റലും പൂർത്തിയാക്കി. ഇതിന്റെ അടിസ്ഥാനക്കല്ലിട്ടതും ഉദ്ഘാടനം നിർവ്വഹിച്ചതും യഥാക്രമം ഓർത്തഡോക്സ് സഭാ സന്താനങ്ങളും മാർ തേവോദോസിയോസിന്റെ ശിഷ്യപ്രമുഖരും ആയ കേന്ദ്രമന്ത്രി സി. എം. സ്റ്റീഫനും അന്നത്തെ ഇന്ത്യൻ പ്രധാനമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി ഡോ. പി. സി. അലക്സാണ്ടറും ആണ്.

കെട്ടിടംപണിക്കാവശ്യമായ ഇരുമ്പുകമ്പി കരിഞ്ചന്തയിൽപോലും കിട്ടാതിരുന്ന അക്കാലത്തു ലാഭേച്ഛ കൂടാതെ കുന്നംകുളത്തെ ബഥനി സ്ഥാപനങ്ങൾക്കെല്ലാം സർക്കാർ നിയന്ത്രിത വിലയ്ക്കുതന്നെ പലപ്പോഴും കമ്പി കടമായി നൽകിയ കോയമ്പത്തൂരിലെ പ്രമുഖ വ്യാപാരിയായ പി. വി. ഉക്രുവിന്റെ പേരു നന്ദിയോടെ സ്മരിക്കുന്നു. റിട്ട. എക്സിക്യൂട്ടീവ് എൻജിനീയർമാരായ കുന്നംകുളം സി. റ്റി. കുര്യപ്പനും റ്റി. എം. സൈമണും പ്രതിഫലേച്ഛ കൂടാതെ ബഥനി സ്ഥാപനങ്ങളുടെ കെട്ടിടംപണിക്കു നിസ്വാർത്ഥ സേവനം അനുഷ്ഠിച്ചിട്ടുണ്ടെന്ന വസ്തുത കൃതജ്ഞതയോടെയല്ലാതെ അനുസ്മരിക്കാനാവില്ല.

1965 മുതൽ ഇന്നുവരെ പണിതിട്ടുള്ള ബഥനിയിലെ എല്ലാ കെട്ടിടങ്ങളുടെയും പ്ലാനിന്റെയും പദ്ധതികളുടെയും മേൽനോട്ടം കാര്യക്ഷമതയോടെ നിറവേറ്റി വരുന്നതും സി. റ്റി. കുര്യപ്പനാണ്. റ്റി. ആർ. കൃഷ്ണൻ ബോയിസ് ഹോസ്റ്റലിന്റെ പ്ലാൻ, സൂപ്പർവിഷൻ എന്നീ കാര്യങ്ങളിൽ ലാഭേച്ഛ കൂടാതെ മേൽനോട്ടം വഹിച്ചു.

1965-ൽ സ്ഥാപിതമായ ബഥനി സെന്റ് ജോൺസ് ഇംഗ്ലീഷ് സ്കൂൾ 1971-ൽ ഹൈസ്കൂളായി ഉയർത്തപ്പെട്ടു. ആദ്യത്തെ എസ്.എസ്.എൽ.സി. ബാച്ച് കുട്ടികൾ 1973-ൽ പരീക്ഷ എഴുതി 100% വിജയം കരസ്ഥമാക്കി. അന്നു മുതൽ ഇക്കാലമത്രയും വളരെ പ്രശസ്തമായ നിലയിൽ കേരളത്തിലെ അറിയപ്പെടുന്ന സ്കൂളായി ബഥനി സ്കൂൾ പരിലസിക്കുന്നു.

ആദ്യകാലത്ത് നിസ്വാർത്ഥ സേവനം ചെയ്ത ചില അദ്ധ്യാപകശ്രേഷ്ഠരെക്കുറിച്ചും നന്ദിപുരസ്സരം പ്രസ്താവിക്കട്ടെ. കാട്ടകാമ്പാൽ പി. എം. മാത്തു മാസ്റ്റർ, റ്റി. റ്റി. താരു എന്നിവർ യാത്രച്ചെലവിനുള്ള പണംപോലും വാങ്ങാതെയാണ് ദീർഘകാല സേവനം നടത്തിയത്. പുലിക്കോട്ടിൽ ജേക്കബ് മാസ്റ്റർ, പനയ്ക്കൽ ഇട്ടിയവിരാ മാസ്റ്റർ, പി. എം. മാത്തു മാസ്റ്റർ കരിമ്പാംകുഴി, മലയാളം പണ്ഡിറ്റ് രാമൻനായർ, തിരുവല്ല പുരയ്ക്കൽ പി. റ്റി. ഏബ്രഹാം എന്നിവരും അവിസ്മരണീയ സേവനം അനുഷ്ഠിച്ചു.

ഇന്നത്തെപ്പോലെ കുട്ടികളിൽനിന്ന് അധികം ഫീസ് വാങ്ങാനുള്ള സാഹചര്യം ആദ്യകാലങ്ങളിൽ ഇല്ലായിരുന്നു. ആദ്യകാലം മുതൽ ചെറിയ ശമ്പള സ്കെയിലിൽ സേവനം അനുഷ്ഠിച്ചിരുന്ന സ്ഥിരം അദ്ധ്യാപകർക്ക് പ്രോവിഡന്റ് ഫണ്ട് സ്കീം അൺ എയിഡഡ് സ്കൂളുകളിൽ ആദ്യം ഏർപ്പെടുത്തിയത് ബഥനി ഇംഗ്ലീഷ് സ്കൂളിലാണ്. ഫീസ് അപ്പഴപ്പോൾ വർദ്ധിപ്പിച്ചതിനെക്കുറിച്ച് രക്ഷാകർത്താക്കൾ ഒരു പരാതിയും ഉന്നയിച്ചിട്ടില്ല. ബഥനി ഇംഗ്ലീഷ് സ്കൂളിൽ രാഷ്ട്രീയമില്ല, രാഷ്ട്രീയപ്രേരിതമായ സമരങ്ങളുമില്ല. ബസ്സമരം മൂലമോ, ജില്ലാകളക്ടർ അവധി പ്രഖ്യാപിക്കുന്ന ദിവസങ്ങളിലോ മാത്രമേ അദ്ധ്യയനം നഷ്ടപ്പെടുന്നുള്ളൂ. കേരള സ്പോർട്സ് കൗൺസിലിന്റെ ഗ്രാന്റ് ലഭിച്ചപ്പോൾ വേണ്ട കളിസ്ഥലങ്ങൾ സജ്ജീകരിച്ചു.

വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും സഹകരണം മൂലം ഉന്നതമായ വിദ്യാഭ്യാസനിലവാരം പുലർത്തുകയും തന്മൂലം 1973 മുതൽ തുടർച്ചയായി എല്ലാ വർഷവും നൂറു ശതമാനം വിജയം നേടുകയും ചെയ്തിട്ടുണ്ട്. മാനേജ്മെന്റിൽ നിന്ന് അർഹരായ കുട്ടികൾക്കു മെരിറ്റ് സ്കോളർഷിപ്പുകളും നൽകി വരുന്നു. വിവിധ ജീവിതരംഗങ്ങളിൽ ഉന്നതസ്ഥാനങ്ങൾ അലങ്കരിക്കുന്ന ഒട്ടധികം പൂർവവിദ്യാർത്ഥികളാണ് സ്കൂളിന്റെ ഒരു വലിയ സമ്പത്തെന്നും ഞങ്ങൾ വിശ്വസിക്കുന്നു. അവരുടെ സന്തോഷവും നന്ദിയും സഹകരണവും ഞങ്ങൾക്ക് എന്നും ലഭിക്കുകയും ചെയ്യുന്നു.

(തുടരും)

വചനതീർത്ഥം



പെന്തിക്കോസ്തി ഞായർ

(വി. യോഹന്നാൻ 15:1–14)

ഫാ. ജെറിൻ ജോൺ അടൂർ

സഭയുടെ ആരാധന വർഷത്തിലെ പ്രധാനമായ ഒരു പെരുനാളിലൂടെയാണ് നാം കടന്നു പോകുന്നത്, പെന്തിക്കോസ്തി പെരുനാൾ.

ആത്മപരിത്യാഗത്തിന്റെയും, മനസാന്തരത്തിന്റെയും മാർഗമായ നോമ്പു കാലത്തിലൂടെ കടന്ന് യേശുവിന്റെ പീഡാസഹനവും, മരണവും ഉത്ഥാനവും അനുസ്മരിച്ച്, നവമായ ഒരു ചൈതന്യത്തിലേക്ക്, അതായത് പാപത്തിന്റെ പഴയ മനുഷ്യനിൽ മൃതരായി ക്രിസ്തുവിൽ പുതിയ മനുഷ്യരായി ഉത്ഥാനം ചെയ്ത നാം, തുടർന്നുള്ള അമ്പതു ദിവസങ്ങളിൽ, ദൈവത്തിന്റെ വാഗ്ദാനമായ പരിശുദ്ധാത്മാവിന്റെ വരവിനായി ദാഹത്തോടെ കാത്തിരിക്കുകയായിരുന്നു വല്ലോ.

യേശുവിന്റെ ഉത്ഥാനത്തിനു ശേഷം അമ്പതാം ദിവസമാണ് പരിശുദ്ധാത്മാവിന്റെ ആഗമനമായി നാം ആഘോഷിക്കുന്ന പെന്തിക്കോസ്തി പെരുനാൾ. പെന്തിക്കോസ്തി' എന്ന പേര് തന്നെ അക്ഷരാർത്ഥത്തിൽ അമ്പതാമത് എന്നാണുള്ളത്. ഇസ്രായേൽ ജനതയുടെ പാരമ്പര്യത്തിൽ വേരൂന്നിയ ഈ പെരുന്നാൾ വിളവെടുപ്പിന്റെ ഉത്സവം ആയിട്ടായിരുന്നു കൊണ്ടാടിയിരുന്നത്. ഓരോ ഇസ്രായേൽക്കാരനും ദൈവസന്നിധിയിൽ കൃതജ്ഞതയർപ്പിക്കുന്ന മഹനീയ ദിവസം. നിലമൊരുക്കി, വിത്തുകൾ നട്ട്, അത് ചെടിയായി വളരാനും, ധാന്യം പാകമാകുവാനും ഇസ്രായേൽക്കാരന്റെ കാത്തിരിപ്പ് അത് പ്രതീക്ഷയുടെയും പ്രത്യാശയുടേതുമാണ്. ഈ പ്രത്യാശയുടെ അടിസ്ഥാനമോ വിശ്വാസവും. ഈ വിശ്വാസവും, പ്രത്യാശയുമാണ് പുതിയനിയമത്തിലെ പെന്തിക്കോസ്തി പെരുന്നാളും നമുക്ക് സമ്മാനിക്കുന്നത്.

പെന്തിക്കോസ്തി: പരിശുദ്ധാത്മാവിനാൽ ജ്വലിക്കുവാനുള്ള ക്ഷണം

ദൈവാത്മാവിനുവേണ്ടിയുള്ള ദാഹമുള്ളവരായി ഓരോ നിമിഷവും വിശ്വാസികളായ നാം ജീവിക്കണം എന്നാണ് ഈ പെരുന്നാൾ നമ്മെ ഓർമ്മിപ്പിക്കുന്നത്. മുറിയടച്ച് തീക്ഷ്ണതയോടെ പ്രാർത്ഥിച്ചുകൊണ്ടിരുന്ന ശ്ലീഹന്മാരുടെ പ്രാർത്ഥന കഴിഞ്ഞപ്പോൾ അവർ സമ്മേളിച്ചിരിക്കുന്ന സ്ഥലം കുലുങ്ങുമാറ് കൊടുങ്കാറ്റടിക്കുന്നതുപോലുള്ള വലിയ ശബ്ദത്തിന്റെ അകമ്പടിയോടെ പരിശുദ്ധാത്മാവ് തീനാവുകളുടെ രൂപത്തിൽ അവരുടെമേൽ എഴുന്നള്ളി വന്നു. അവരെല്ലാവരും ആത്മാവിനാൽ നിറഞ്ഞു. ആത്മാവ് അവരെ പൂർവാധികം ശക്തരാക്കി മാറ്റി. ധൈര്യപൂർവം സത്യവചനം ലോകത്തോടു പ്രസംഗിച്ച് അനേകരെ ക്രിസ്തുവിലുള്ള വിശ്വാസത്തിന്റെ ആഴങ്ങളിലേക്ക് നയിക്കാൻ കഴിയും വിധം ധീരമതികളായ പരിശുദ്ധാത്മാവിന്റെ ഉപകരണങ്ങളായി അവർ മാറി. ശ്ലീഹന്മാരുടെ ജീവിതത്തിൽ പരിശുദ്ധാത്മാവിന്റെ ശക്തമായ ഇടപെടൽ ഉണ്ടായ ആ മഹാദിനം; പരിശുദ്ധാത്മാവിനാൽ ജ്വലിച്ചു കഴിഞ്ഞാൽ, ഒന്ന് ആ വ്യക്തി പ്രാർത്ഥനയിൽ സ്ഥിരതയുള്ളവനായിരിക്കും; രണ്ട്, ക്രിസ്തുവാണ് രക്ഷകൻ എന്ന് എവിടെയും പ്രഘോഷിക്കാൻ ചങ്കൂറ്റമുള്ളവനായിരിക്കും. ദൈവാത്മാവ് നിറഞ്ഞവർ പ്രാർത്ഥന മുടക്കുകയില്ല; കുടുംബപ്രാർത്ഥനയിൽ സ്ഥിരതയുള്ളവരായിരിക്കും; കുർബ്ബാനയിൽ മുടങ്ങാതെ പങ്കെടുക്കും; മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതിൽ വൈമനസ്യം കാണിക്കില്ല; അവരുടെ ജീവിതം തന്നെ പ്രാർത്ഥന ആയിരിക്കും; അവർ സത്യത്തിൽ പ്രാർത്ഥനയുടെ മനുഷ്യരായിരിക്കും എന്ന് ചുരുക്കം.യേശു കർത്താവാണെന്ന് പറയാൻ പരിശുദ്ധാത്മാവ് മുഖേനയല്ലാതെ ആർക്കും സാധിക്കുകയില്ല. ഇത് യഥാർത്ഥത്തിൽ സുവിശേഷപ്രഘോഷണം തന്നെയാണ്. സഭയുടെ രക്തസാക്ഷികൾക്കും വിശുദ്ധാത്മാക്കൾക്കും ഭയമില്ലാതെ വിശ്വാസം പ്രഘോഷിക്കാൻ, ക്രിസ്തുവിനു സാക്ഷ്യം നൽകാൻ ചങ്കൂറ്റവും ധൈര്യവും നൽകിയത് പരിശുദ്ധാത്മാവാണ്. നമ്മുടെ വിശ്വാസജീവിതത്തിൽ ഈ പ്രാർത്ഥനയും പ്രഘോഷണവും ശരിയായ രീതിയിൽ നടക്കുന്നെങ്കിൽ നാമും ദൈവാത്മാവിനാൽ ജ്വലിക്കുന്നവരാണ്; അഭിഷേകം നിറഞ്ഞവരാണ്; ദൈവാത്മാവിനാൽ നയിക്കപ്പെടുന്നവരാണ്.

പരിശുദ്ധാത്മ പ്രവർത്തനം: നമ്മെ ശുദ്ധീകരിക്കുവാൻ കഴിയുന്നത്

പരിശുദ്ധാത്മാവ് വന്നപ്പോൾ ശക്തമായ ഒരു കാറ്റിന്റെ ശബ്ദം കേട്ടു എന്ന് ബൈബിൾ വിവരിക്കുന്നുണ്ട്. ആ സമയം സ്വാഭാവികമായൊരു കാറ്റിന്റെ സമയമല്ലാതിരുന്നതിനാൽ അത് പ്രകൃത്യതീതമായ ഒരു പ്രതിഭാസമായിരുന്നു എന്ന് അനുമാനിക്കണം. ആകാശത്തു നിന്നാണ് ആ കാറ്റു വിശീയത്. ആകാശമെന്നാൽ സ്വർഗം എന്നാണർത്ഥം. അതായത് പരിശുദ്ധാത്മാവ് സ്വർഗത്തിൽ നിന്നും എഴുന്നള്ളി വന്നു.

പരിശുദ്ധാത്മാവ് ആ മുറിയിൽ വന്ന് അപ്പോസ്തലന്മാരെടും അവിടെ കൂടിയിരുന്ന എല്ലാവരുടയും മേൽ നിറഞ്ഞു. സഭ വിശ്വാസികളുടെ സമൂഹമാണ് എന്ന യാഥാർത്ഥ്യം വെളിപ്പെടുകയാണ് ഇവിടെ.

അതിനു ശേഷം തീനാവുകളുടെ രൂപത്തിൽ പരിശുദ്ധാത്മാവ് എല്ലാവരുടെയും മേൽ വന്നു നിന്നു. ബൈബിളിൽ പല സന്ദർഭത്തിൽ ദൈവം അഗ്നിയായി വരുന്നതായി നാം വായിക്കുന്നു. മോശയ്ക്ക് എരിയുന്ന മുൾപ്പടർപ്പിൽ ദൈവം പ്രത്യക്ഷപ്പെടുന്നുണ്ട് (പുറ. 3.2). അഗ്നിത്തൂണായി ദൈവം ഇസ്രയേൽക്കാരോടൊപ്പം മരുഭൂമിയിലൂടെ സഞ്ചരിക്കുന്നുണ്ട്. (പുറ. 19. 18).

അഗ്നിയുടെ രൂപത്തിൽ പരിശുദ്ധാത്മാവ് എഴുന്നള്ളിവരാൻ ചില കാരണങ്ങളുണ്ട്. അഗ്നി ശുദ്ധമാണ്. അത് ചൂടും വെളിച്ചവും പകരുന്നു. ലോഹങ്ങളെ ശുദ്ധീകരിക്കാൻ അഗ്നിക്ക് സാധിക്കും. ലോഹങ്ങൾക്ക് ഇഷ്ടമുള്ള വിധത്തിൽ രൂപമാറ്റം വരുത്താൻ തീയ്ക്ക് സാധിക്കും. നമ്മിലെ പാപത്തിന്റെ അശുദ്ധികളെ നീക്കാൻ ആത്മാവിന് കഴിയും. നമ്മുടെ മനസ്സിനെ സുവിശേഷ സത്യങ്ങളാൽ പ്രകാശിപ്പിക്കാൻ തീയ്ക്ക് സാധിക്കും. ദൈവരാജ്യത്തിനു വേണ്ടി തീക്ഷ്ണതയോടെ പ്രവർത്തിക്കാൻ അത് നമ്മെ ശക്തിപ്പെടുത്തും. ഒരു വ്യക്തിയെ പരിശുദ്ധാത്മാവ് നവീകരിക്കും. 'അപ്പോൾ കർത്താവിന്റെ ആത്മാവ് നിന്നിൽ ആവസിക്കും. നീ മറ്റൊരു മനുഷ്യനായി മാറും' (1 ശമു.10: 6).

പരിശുദ്ധാത്മാവിന്റെ ഭാഷ: പരസ്പരം മനസ്സിലാക്കുവാൻ കഴിയുന്നത്

വിവിധ ഭാഷകളെ പ്രതിപാദിക്കുന്നതുകൊണ്ട് ഇത് നമ്മെ ഓർമ്മിപ്പിക്കുന്നത് ഉത്പത്തി പുസ്തകത്തിലെ ബാബേൽ ഗോപുരത്തിന്റെ നിർമ്മാണമാണ്. ബാബേൽ ഗോപുരം നിർമ്മാണ വേളയിൽ അവർ ഓരോ ഭാഷ സംസാരിച്ചിട്ടും അവർക്ക് പരസ്പരം മനസ്സിലാകുന്നില്ല. എന്നാൽ പെന്തക്കോസ്തി ദിനത്തിൽ അപ്പോസ്തലന്മാർ വിവിധ ഭാഷകളിൽ സംസാരിച്ചിട്ടും എല്ലാവർക്കും അവരവരുടെ മാതൃഭാഷകളിൽ മനസ്സിലാകുന്നു. ബാബേൽ ഗോപുര നിർമ്മാണത്തിൽ അവർ ശ്രദ്ധിച്ചത് അവരവരുടെ സ്വന്തം നാമത്തിന് പേരും, പ്രശസ്തിയും, മഹത്വവും ഉണ്ടാകുവാൻ വേണ്ടിയാണ്. എന്നാൽ പെന്തക്കോസ്തി ദിനത്തിൽ ശിഷ്യന്മാർ ദൈവത്തിൻറെ വലിയ പ്രവൃത്തികൾ ജനത്തോട് പ്രഘോഷിച്ച് ദൈവത്തിന് മഹത്വം നല്കുന്നു.

ബാബേൽ ഗോപുരം മനുഷ്യനെ ചിതറിക്കുന്നു. എന്നാൽ പെന്തക്കോസ്തി ലോകം മുഴുവനെയും ഒരുമിച്ചുകൂട്ടുന്നു. ബാബേൽ ഗോപുരം അഹന്തയുടേയും ഭിന്നിപ്പിന്റെയും പ്രതീകമാണെങ്കിൽ, പെന്തക്കുസ്ത ഒരുമയുടേയും ഐക്യത്തിൻറെയും അടയാളമാണ്. എല്ലാവർക്കും മനസ്സിലാകുന്ന പരിശുദ്ധാത്മാവിന്റെ ഭാഷ സ്നേഹത്തിന്റെയും, കരുണയുടേയും, പരസ്പരം മനസ്സിലാക്കുന്നതിന്റെയും ഭാഷയാണ്. നമ്മുടെ ജീവിതവും, ഭാഷയും, പ്രവൃത്തികളും, ബന്ധങ്ങളും ഒന്നുകിൽ ബാബേൽ ഗോപുരമാക്കി മാറ്റാം അല്ലങ്കിൽ പെന്തക്കോസ്തി അനുഭവമാക്കി മാറ്റാം.

❑

Church Calendar



PENTECOST

(JOHN 16:05-15)

Fr. Sajoie Samuel



This passage opens with a manifestation of the need of the Spirit of God. It is revealed to us in the condition of these disciples. Our Lord has indicated to them that there were certain things he did not say to them from the beginning. He did not tell them of the hostility of the world. He did not tell them about the tremendous opposition and persecution they would face. Nor did he tell them how to meet it. And he says why: "I did not say these things to you from the beginning, because I was with you."

There he indicates our need as human beings to be kept and supported and strengthened. He was keeping these disciples himself. Since he was there, they had no need to know all that he was keeping them from, or how it was done. "But now," he says, "I'm going away. Now you'll need to understand what has been happening."

I. THE HOLY SPIRIT GUIDES US TO ETERNAL LIFE

For about 3.5 years Jesus was with His disciples, steering them clear from controversies, speaking up for them when targeted by their critics (Pharisees, Sadducees, Scribes, etc.). He was both a mentor as well as an affectionate brother to them. Jesus also knew that His crucifixion would disperse the disciples as a result of which He promises to send the Holy Spirit amongst them so that they would be guided and shielded.

The Holy Spirit first strengthened the disciples in the early church, thereby laying a strong foundation for the church to thrive spiritually. They were the roots that ensured that the church would bear fruit thirty, sixty and hundred yield. Hence the Holy Ghost would ensure the divine presence of Jesus would continue to be on earth, even after His ascension.

II. THE HOLY SPIRIT EQUIPS US WITH GIFTS JUST LIKE JESUS DOES

"Nevertheless I tell you the truth. it is to your advantage that I go away, for if I do not go away, the Counselor will not come to you, but if I go, I will send him to you." (John 16:7 RSV)

If we think about the good fortune the disciples had in been able to interact and be with Christ, is an envious thought. To sit and listen to Jesus, to hear his words, to see his face, to see how he acted, to be with him in the midst of his miracles, to walk with him and listen to him and watch him -- what an advantage they had! How many of us have felt, "Oh, if only we could have been there, if only we could have seen what these disciples saw!" Yet Jesus is telling them very frankly and very plainly and very truthfully, "Look, it is going to be better for you when I leave. It will be better for you when I go away, for when I go away the Strengthener will come." I like that translation of the word. It is the Strengthener, the One who meets our needs from within, who is coming to us. That is what these disciples needed, and what we need.

III. THE HOLY SPIRIT TURNS OUR SORROW TO JOY

In Jesus no sorrow is permanent. Even if a trace of grief is there, He ensures that He tells the solution to it too. When Jesus tells His disciples about His death, He also adds to it that He would ressurect on the third day and in turn give eternal life to all. So the disciples need not worry about death as a cessation to Christs earthly ministry. Similarly in vs.16 Jesus says that He has much more to tell them. But He would rather wait for the Holy Spirit to reveal matters to them.

The Holy Ghost, being the Spirit of Truth, will guide the disciples to eternal truth that would ensure that they be transformed from fishermen to fishers of men. So the Sport redirects us to Jesus Christ through our sacraments and Holy Qurbana as the divine mysteries are explicitly revealed through it. Hence Jesus exhorts His disciples to partake of His body and blood in "remembrance of me".

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH



കോട്ടയം സ്റ്റുഡന്റ് സെന്ററിൽ നടന്ന കേരളത്തിനുള്ളിലെ MGOCSM ഭദ്രാസന വൈസ്പ്രസിഡണ്ടുമാരുടെയും, സെക്രട്ടറിമാരുടെയും നേതൃ സംഗമം.



അഖില മലങ്കര സൺഡേസ്കൂൾ ദിനാഘോഷവും കോട്ടയം ഭദ്രാസന കോൺവോക്കേഷനും പാച്ചിറ താബോർ സെന്റ് മേരീസ് പള്ളിയിൽ നടന്നു. ശതാബ്ദി ആഘോഷിക്കുന്ന പാച്ചിറ സൺഡേസ്കൂളിന് ഉള്ള ഉപഹാരം ഡോ. യൂഹാനോൻ മാർ ദിയസ്കോറോസും സൺഡേസ്കൂൾ പ്രസിഡന്റ് ഡോ. ജോസഫ് മാർ ദിവന്നാസിയോസും ചേർന്നു നൽകി.



പ്രശസ്ത സാഹിത്യകാരനും, മാന്തളിർ പള്ളി ഇടവകാംഗവുമായ ബെന്യാമിന് ഇടവകയുടെ ആദരവ് ഗീവർഗീസ് മാർ പക്കോമിയോസ് സമ്മാനിക്കുന്നു.



നവമാധ്യമങ്ങളിൽ മൂവായിരം അനുദിന പ്രഭാഷണങ്ങൾ തികച്ച യൂഹാനോൻ മാർ പോളിക്കാർപ്പോസ് മെത്രാപ്പോലീത്തായ്ക്ക് ഡോ. ഫിലിപ്പോസ് മാർ തെയോഫിലോസ് ഫെലോഷിപ്പ് അംഗങ്ങൾ നൽകിയ ഉപഹാരം ഫാ. ഡോ. കെ. എം. ജോർജ്ജ് സമ്മാനിക്കുന്നു.

ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം - പ്രവാസി സെൽ ഗ്ലോബൽ കോഡിനേറ്റർമാരുടെപ്രഥമ യോഗം

പഠനത്തിനും തൊഴിലിനുമായി, ഓർത്തഡോക്സ് സഭാ അംഗങ്ങൾ ഉൾപ്പെടെ ധാരാളം ആളുകൾ വിദേശത്തു കുടിയേറുന്ന ഈ കാലഘട്ടത്തിൽ അവരെ സഭയോട് ചേർത്തു നിർത്തുക, അത്യാവശ്യസാഹചര്യങ്ങളിൽ വേണ്ടതായ സഹായങ്ങൾ ലഭ്യമാക്കുക,

കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ പ്രവാസി ക്ഷേമ പദ്ധതികൾ സംബന്ധിച്ചു അറിവ് നൽകുക / അവ ലഭ്യമാക്കാൻ സഹായിക്കുക തുടങ്ങിയ ലക്ഷ്യത്തോടെ ആണ് ഗ്ലോബൽ ഓർത്തഡോക്സ് പ്രവാസി സെല്ലിന് രൂപം കൊടുത്തിരിക്കുന്നത്.

OCYM പ്രസിഡന്റ് ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഇത് സംബന്ധിച്ച പ്രാഥമിക നടപടികൾ ആരംഭിച്ചു. OCYM കേന്ദ്ര ഭാരവാഹികളെ കൂടാതെ വിവിധ രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്തു. ഇന്ത്യയിൽ നിന്നും ഗൾഫ് മേഖലകളിൽ നിന്നും യൂറോപ്പിലെ വിവിധ രാജ്യങ്ങളിൽ നിന്നും ഉള്ള കോർഡിനേറ്റർമാരുടെ ലിസ്റ്റ് ഉൾപ്പെടെ കൂടുതൽ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

യോഗത്തിൽ അല്മായ ട്രസ്റ്റി റോണി വർഗീസ്, യുവജനപ്രസ്ഥാനം കേന്ദ്ര ജനറൽ സെക്രട്ടറി ഫാദർ വിജു ഏലിയാസ്, കേന്ദ്ര ട്രഷറർ പേൾ കണ്ണേത്ത്, പ്രവാസി സെൽ കേന്ദ്ര കോഡിനേറ്റർമാരായ അജി കാരാട്ട്, ആന്റോ അബ്രാഹം എബ്രഹാം തുടങ്ങിയവർ നേതൃത്വം നൽകി.



ചലച്ചിത്ര സംഘടനയായ നാഷണൽ ഫിലിം അക്കാദമിയുടെ ചെയർമാനായി തിരഞ്ഞെടുക്കപ്പെട്ട ഡോ. പോൾ മണലിലിനെ മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് ക്രൈസ്തവ വിദ്യാർത്ഥിപ്രസ്ഥാനം (MGOCSM) അനുമോദിച്ചു. പ്രസിഡന്റ് ഡോ. എബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്ത പൊന്നാട അണിയിച്ചു ആദരിച്ചു.



MGOCSM ന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന POST - SSLC എഡ്യൂക്കേഷൻ ഓറിയന്റേഷൻ ക്യാമ്പ് എബ്രഹാം മാർ സെറാഫിം ഉദ്ഘാടനം ചെയ്തു.